**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ സംഘടനാ സംവിധാനം- പുതുക്കിയ സി.ഡി.എസ്. ബൈലോ ഭേദഗതി-അംഗീകരിച്ച്-ഉത്തരവ്-പുറപ്പെടുവിക്കുന്നു.

==========================================================================

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(പി)നം. 198/2014/തസ്വഭവ. തിരുവനന്തപുരം, തീയതി, 13/11/2014.

പരാമർശം: (1) 18.2.1995 ലെ സ.ഉ (സാധാ) നം. 794/1995/തസ്വഭവ നമ്പർ ഉത്തരവ്.

(2) 08.08.2008 ലെ സ.ഉ (പി) നം. 222/2008/തസ്വഭവ നമ്പർ ഉത്തരവ്.

(3) 07.10.14 ലെ സ.ഉ.(പി) നം. 170/2014/തസ്വഭവ നമ്പർ ഉത്തരവ്

(4) കുടുംബശ്രീ ഗവേണിംഗ് ബോഡിയുടെ 25.06.2014 ലെ തീരുമാനം.

(5) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 22.09.2014 ലെ കെ.എസ്/എം/3734/2013 നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം (1) ഉത്തരവ് പ്രകാരം കുടുംബശ്രീ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിയുടെ ബൈലോ അംഗീകരിച്ച് ഉത്തരവായിരുന്നു. പരാമർശം (2),(3) ഉത്തരവുകൾ പ്രകാരം പ്രസ്തുത ബൈലോ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കുടുംബശ്രീ ഗവേണിംഗ് ബോഡിയുടെ പരാമർശം (4) ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച ബൈലോ ഭേദഗതി അംഗീകരിക്കണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (5) ലെ കത്തിലൂടെ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്ന, കുടുംബശ്രീ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി (സി.ഡി.എസ്) യുടെ പരിഷ്കരിച്ച ബൈലോയ്ക്ക് ഇതിനാൽ അംഗീകാരം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജെയിംസ് വർഗ്ഗീസ്
ഗവ. പ്രിൻസിപ്പൽ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ ഓർഡിനേറ്റർമാർക്കും.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

(മറുപുറം)

എല്ലാ മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം).

എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).

എല്ലാ സി.ഡി.എസ്./എ.ഡി.എസ്സ്. കൾക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം).

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ/എൽ.ബി.എ), കേരളം, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസിന്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എസിന്
തദ്ദേശ സ്വയംഭരണ വകുപ്പ് (നഗരകാര്യ) വകുപ്പ് സെക്രട്ടറിയുടെ പി.എസിന്
തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്

അനുബന്ധം

# കുടുംബശ്രീ സംസ്ഥാന മിഷൻ, തിരുവനന്തപുരം
## ബൈലോ ഭേദഗതി

| ക്രമ നം. | വകുപ്പ്/ അനുച്ഛേദം | നിലവിലുള്ളത് | പരിഷ്കരിക്കുന്നത് / കൂട്ടിച്ചേർക്കുന്നത് |
|---|---|---|---|
| | 5.xii | മെമ്പർ സെക്രട്ടറി: ഗ്രാമ പഞ്ചായത്തിൽ പഞ്ചായത്ത് നിശ്ചയിക്കുന്ന സ്ഥിര ജീവനക്കാരി/ജീവനക്കാരനി ൽ നിന്നും, നഗരസഭയിൽനഗരസഭ നിശ്ചയിക്കുന്ന സ്ഥിര ജീവനക്കാരി/ജീവന ക്കാരനിൽ നിന്നും സി.ഡി.എസ്സ്.ന്റെ മെമ്പർ സെക്രട്ടറിയായി നിയോഗിക്കുന്ന ഉദ്യോഗസ്ഥ/(ൻ) | കുടുംബശ്രീ മെമ്പർ സെക്രട്ടറിമാർ സർക്കാർ നിശ്ചയിക്കുന്ന ഉദ്യോഗസ്ഥന്മാർ ആയിരിക്കും |
| | 5.xviii | നിലവിലില്ല | പ്രത്യേക അയൽക്കൂട്ടങ്ങൾ : കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ ഘടനയിൽ നിന്നും വ്യത്യസ്തമായി സാമൂഹ്യനീതിപരമായ പ്രത്യേക പരിഗണന അർഹിക്കുന്നവരും ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർ, പാരാപ്ലീജിയ രോഗികൾ, എയ്ഡ്സ് രോഗികൾ, തുടങ്ങി പ്രത്യേകമായ അവശതകളാൽ ദുരിതജീവിതം പേറുന്നവരും പാർശ്വവത്കൃതരുമായ വ്യക്തികളെ ഉദ്ദേശിച്ച് പ്രത്യേകമായി രൂപീകരിക്കുന്ന കുടുംബശ്രീ അയൽക്കൂട്ടങ്ങൾ. |
| | 6.8 | തദ്ദേശ സ്വയംഭരണ സർക്കാർ ഏല്പിക്കുന്ന ജീവനോപാധികൾ (Livelihood) ആർജ്ജിക്കുന്നതിന് ഉതകുന്ന തരത്തിലുള്ള പ്രാദേശിക വികസന പ്രവർത്തനങ്ങളും വിശിഷ്യാ, ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളും വനിതാ ക്ഷേമ പദ്ധതികളും ഫലപ്രദമായി ആവിഷ്കരിച്ചു നടപ്പാക്കുക. | o തദ്ദേശ സ്വയംഭരണ സർക്കാർ ഏൽപ്പിക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുംവനിതാ ക്ഷേമ പദ്ധതികളും നടപ്പാക്കി ഉപജീവന സൗകര്യം അയൽക്കൂട്ടങ്ങൾക്ക് ഉണ്ടാക്കി സാമൂഹ്യമായി ഉയർന്ന് വരുന്ന മദ്യാസക്തി, അമിതപലിശ, എന്നിവ യ്ക്കെതിരെ ചലനാത്മകതയുള്ള സമീപനം സ്വീകരിച്ച് സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതത്വം ഉറപ്പാക്കുക.<br>o പതിനെട്ട് വയസ്സ് വരെയുള്ള കുട്ടികൾക്ക് അവരുടെ വളർച്ചയ്ക്ക് വിഘാതമായി കാണുന്ന എല്ലാ ഘടകങ്ങളെയും ഇല്ലാതാക്കി സമഗ്രമായ വളർച്ചയ്ക്കുവേണ്ടി പ്രവർത്തിക്കുക. |
| | 6.14 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ, പാർശ്വവൽക്കരണം നേരിടുന്ന ജനവിഭാഗങ്ങൾ, കുട്ടികൾ തുടങ്ങിയവരുടെ അവകാശങ്ങളും സാമൂഹിക നീതിയും ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുക. | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർ, പാരാപ്ലീജിയ രോഗികൾ, എയ്ഡ്സ് രോഗികൾ, കുട്ടികൾ തുടങ്ങിയവരുടെ അവകാശങ്ങളും സാമൂഹ്യനീതിയും ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുക. |
| | 7.1.1 | ഒരു അയൽക്കൂട്ട പരിധിയിലെ കുടുംബത്തിൽ നിന്ന് പതിനെട്ട് വയസ്സ് തികഞ്ഞ ഒരു വനിത | ഒരു അയൽക്കൂട്ട പരിധിയിലെ കുടുംബത്തിൽ നിന്ന് പതി നെട്ട് വയസ്സ് തികഞ്ഞ ഒരു വനിത എന്ന നിലയിൽ ഒരു |

| ക്രമ നം. | വകുപ്പ്/ അനുച്ഛേദം | നിലവിലുള്ളത് | പരിഷ്കരിക്കുന്നത് / കൂട്ടിച്ചേർക്കുന്നത് |
|---|---|---|---|
| | | എന്ന നിലയിൽ ഒരു അയൽക്കൂട്ടത്തിൽ 10-20 (10 മുതൽ 20 വരെ) അംഗങ്ങൾ ഉണ്ടാകാവുന്നതാണ്. ഒഴിവാകുന്ന അംഗത്തിനുപകരം അതേ കുടുംബത്തിലെ മറ്റൊരു വനിതയ്ക്ക് അംഗത്വം നൽകേണ്ടതാണ്. ഈ ബൈലോ നിബന്ധനകൾ നിലവിൽ വരുന്ന തീയതിയിൽ നിലവിലുള്ള അംഗങ്ങളുടെ കാര്യത്തിൽ അതേ സ്ഥിതി തുടരാവുന്നതുമാണ്. മാനസിക വെല്ലുവളികൾ നേരിടുന്നവർക്കായുള്ള പ്രത്യേക അയൽക്കൂട്ടത്തിന്റെ കാര്യത്തിൽ മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തിയുടെ കുടുംബത്തിൽ നിന്നും പ്രസ്തുത വ്യക്തിയുടെ മാതാവ് അല്ലെങ്കിൽ രക്ഷിതാവായ 18 വയസ്സുകഴിഞ്ഞ ഒരു വനിത എന്ന നിലയിൽ 10 മുതൽ 20 വരെ അംഗങ്ങൾ ഉണ്ടാകാവുന്നതാണ്. അയൽക്കൂട്ടത്തിന്റെ പരിധി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഒരു വാർഡോ സി.ഡി.എസ് തീരുമാന പ്രകാരം പരസ്പര ബന്ധിതമായ ഒന്നിലധികം വാർഡുകളോ ചേർന്നതായിരിക്കും. (സ.ഉ.(പി) 162/2011/തസ്വഭവ തീയതി 29/7/2011) | അയൽക്കൂട്ടത്തിൽ 10-20 (10 മുതൽ 20 വരെ) അംഗങ്ങൾ ഉണ്ടാകാവുന്നതാണ്. ഒഴിവാകുന്ന അംഗത്തിനുപകരം അതേ കുടുംബത്തിലെ മറ്റൊരു വനിതയ്ക്ക് അംഗത്വം നൽകേണ്ടതാണ്. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർ, പാരാപ്ലീജിയ രോഗികൾ, എയ്ഡ്സ് രോഗികൾ, എന്നിവർക്കായുള്ള പ്രത്യേക അയൽക്കൂട്ടങ്ങളിൽ അതത് വിഭാഗത്തിലുള്ളവർക്ക് അംഗത്വം നൽകാവുന്നതാണ്. എന്നാൽ, ഇവരിൽ ചില വിഭാഗങ്ങൾ സിഡിഎസ് തലത്തിൽ വിരലിലെണ്ണാവുന്ന ജനസംഖ്യയുള്ളവരും ആവാസം അകലെയകലെ വിന്യസിക്കപ്പെടുന്ന രീതിയിലുള്ളവരും ആയതിനാൽ 10-ൽ കുറവ് അംഗങ്ങൾ ഉണ്ടെങ്കിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് പ്രത്യേക വിവേചനാധികാരം ഉപയോഗിച്ച് പ്രസ്തുത അയൽക്കൂട്ടം രൂപീകരിക്കുന്നതിനുള്ള അനുമതി നൽകാവുന്നതാണ്. അയൽക്കൂട്ട സംഘാടനത്തിനുള്ള സൗകര്യം പ്രമാണിച്ച് സിഡിഎസ് തലത്തിൽത്തന്നെ അത്യാവശ്യമുള്ള ഇടങ്ങളിൽ അയൽക്കൂട്ട രൂപീകരണം നടത്താവുന്നതാണ്. ചലനശേഷിയില്ലാത്ത വ്യക്തികളുടെ കാര്യത്തിൽ അവർക്കുവേണ്ടി രക്ഷിതാവായ ഒരു വനിതയോ, വനിതയെ പ്രതിനിധീകരിക്കപ്പെടാനില്ലാത്ത സാഹചര്യത്തിൽ അവരുടെ ബന്ധുവായ ഒരു വനിതയെ അയൽക്കൂട്ടത്തിൽ അംഗമായി ചേർക്കാവുന്നതാണ്. ഇത്തരം അയൽക്കൂട്ട രൂപീകരണ ചുമതല സിഡിഎസ്സിൽ നിക്ഷിപ്തമായിരിക്കും. അയൽക്കൂട്ടത്തിന്റെ പരിധി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഒരു വാർഡോ സി.ഡി.എസ് തീരുമാന പ്രകാരം പരസ്പര ബന്ധിതമായ ഒന്നിലധികം വാർഡുകളോ ചേർന്നതായിരിക്കും. (2014) |
| | 7.1.2 | അംഗത്വാവകാശം ഒരു കുടുംബത്തിലെ ഒരു വനിതയ്ക്ക് മാത്രമേ ലഭ്യമാകൂവെങ്കിലും, മറ്റു വനിതകൾക്കും അയൽക്കൂട്ട യോഗത്തിലെ ചർച്ചകളിലും അയൽക്കൂട്ടം, എ.ഡി.എസ്. എന്നിവ സംഘടിപ്പിക്കുന്ന പഠന പ്രവർത്തനങ്ങളിലും, വികസന പ്രവർത്തനങ്ങളിലും പങ്കാളികൾ ആകാവുന്നതാണ്. മാനസിക വെല്ലുവിളികൾ നേരിടുന്ന വ്യക്തിയുടെ അംഗത്വാവകാശം കുടുംബത്തിലെ ഒരു വനിതയ്ക്കു | അംഗത്വാവകാശം ഒരു കുടുംബത്തിലെ ഒരു വനിതയ്ക്ക് മാത്രമേ ലഭ്യമാകൂവെങ്കിലും, മറ്റു വനിതകൾക്കും അയൽക്കൂട്ട യോഗത്തിലെ ചർച്ചകളിലും അയൽക്കൂട്ടം,എ.ഡി.എസ്. എന്നിവ സംഘടിപ്പിക്കുന്ന പഠന പ്രവർത്തനങ്ങളിലും, വികസന പ്രവർത്തനങ്ങളിലും പങ്കാളികൾ ആകാവുന്നതാണ്. മാനസിക-ശാരീരിക-പാരാപ്ലീജിയ വെല്ലുവിളികൾ നേരിടുന്ന വ്യക്തികളുടെ അംഗത്വാവകാശം പൊതുവിൽ കുടുംബത്തിലെ ഒരു വനിതയ്ക്കു മാത്രമായിരിക്കുമെങ്കിലും പൊതു മാനദണ്ഡ |

| ക്രമ നം. | വകുപ്പ്/ അനുച്ഛേദം | നിലവിലുള്ളത് | പരിഷ്കരിക്കുന്നത് / കൂട്ടിച്ചേർക്കുന്നത് |
|---|---|---|---|
| | | മാത്രമായിരിക്കുമെങ്കിലും പൊതു മാനദണ്ഡ നിർദ്ദേശങ്ങൾക്കൊപ്പം വൈകല്യമുള്ള വ്യക്തിയുടെ പിതാവിനോ രക്ഷിതാവിനോ അയൽക്കൂട്ടയോഗത്തിലെ ചർച്ചകളിലും പഠന പ്രവർത്തനങ്ങളിലും വികസന പ്രവർത്തനങ്ങളിലും പങ്കാളികളാവുന്നതാണ്. (സ.ഉ.(പി) 162/2011/തസ്വഭവ തീയതി 29/7/2011) | നിർദ്ദേശങ്ങൾക്കൊപ്പം വൈകല്യമുള്ള വ്യക്തിയുടെ മാതാവിനോ, ബന്ധുവായ സ്ത്രീയ്ക്കോ അയൽക്കൂട്ടയോഗത്തിലെ ചർച്ചകളിലും പഠന പ്രവർത്തനങ്ങളിലും വികസന പ്രവർത്തനങ്ങളിലും പ ങ്കാളികളകാവുന്നതാണ്. (2014) |
| | 7.1.3 | അയൽക്കൂട്ട പരിധിയിൽ വരുന്ന എല്ലാ ദരിദ്ര കുടുംബങ്ങളേയും അംഗങ്ങളാക്കണം. അയൽക്കൂട്ട പരിധിയിലോ ചുറ്റുപാടിലോ ഉള്ള എല്ലാ മാനസിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾ ഉള്ള എല്ലാ കുടുംബങ്ങളെയും അനുയോജ്യമായ പ്രത്യേക അയൽക്കൂട്ടങ്ങളിൽ അംഗങ്ങൾ ആക്കണം.(സ.ഉ.(പി) 162/2011/തസ്വഭവ തീയതി 29/7/2011) | അയൽക്കൂട്ട പരിധിയിലോ ചുറ്റുപാടിലോ ഉള്ള എല്ലാ മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾ അടക്കം പ്രത്യേക. അയൽക്കൂട്ട പ്രവേശനത്തിന് അർഹതയുള്ള എല്ലാ കുടുംബങ്ങളെയും അനുയോജ്യമായ പ്രത്യേക അയൽക്കൂട്ടങ്ങളിൽ അംഗങ്ങൾ ആക്കണം.<br><br>ഏതെങ്കിലും അയൽക്കൂട്ടത്തിന് അഫിലിയേഷൻ നൽകുന്നതിൽ സിഡിഎസ് ഏതെങ്കിലും കാരണങ്ങളാൽ വിസമ്മതിച്ചാൽ ജില്ലാ മിഷൻ കോ-ഓഡിനേറ്റർ (ഡിഎംസി) ഒരു മാസത്തിനുള്ളിൽ ആയതിൽ തീരുമാനം കൈകൊള്ളേണ്ട താണ്. |
| | 7.1.7 | പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കു മാത്രമായി അയൽക്കൂട്ടങ്ങൾ രൂപീകരിക്കാവുന്നതാണ്. സാഹചര്യങ്ങൾ കണക്കിലെടുത്ത് ആവശ്യമെന്നു കണ്ട ാൽ സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷന്റെ അനുമതിയോടെ പ്രത്യേക എ.ഡി.എസ്. രൂപീകരിക്കാവുന്നതാണ്. | പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കു മാത്രമായി അയൽക്കൂട്ടങ്ങൾ രൂപീകരിക്കാവുന്നതാണ്.സാമൂഹ്യനീതിപരമായ സ്പെഷ്യൽ അയൽക്കൂട്ടങ്ങൾ ഒരേ വിഭാഗത്തിൽ ഒന്നിൽക്കൂടുതൽ നിലവിലുള്ള സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത്/നഗരതലത്തിൽ പ്രത്യേക എഡിഎസ്സും രൂപീകരിച്ച് പ്രവർത്തിക്കാവുന്നതാണ്. (2014) |
| | 7.1.8.2 | ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് ജനാധിപത്യ രീതിയിൽ നടത്തണം | ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് ജനാധിപത്യ രീതിയിൽ നടത്തണംഅയൽക്കൂട്ടം തിരഞ്ഞെടുപ്പിന് നിരീക്ഷകനെ നിയമിക്കണം, തിരഞ്ഞെടുപ്പ് രഹസ്യ ബാലറ്റിലൂടെ നടത്തണം. തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ നാമനിർദ്ദേശം ചെയ്യുന്നഉദ്യോഗസ്ഥനായിരിക്കും പ്രസ്തുത യോഗത്തിന്റെ നിരീക്ഷകൻ. (2014) |
| | 7.2.2 | ഒരു അയൽക്കൂട്ടത്തിന് ഒരു എ.ഡി.എസ്സിൽ മാത്രമേ അഫിലിയേഷൻ ഉണ്ട ാകുകയുള്ളു. ഏതെങ്കിലും കാരണവശാൽ | ഒരു അയൽക്കൂട്ടത്തിന് ഒരു എ.ഡി.എസ്സിൽ മാത്രമേ അഫിലിയേഷൻ ഉണ്ട ാകുകയുള്ളു. ഏതെങ്കിലും കാരണവശാൽ ഒന്നിലധികം വാർഡിലുള്ളവർ ഒരു അയൽക്കൂട്ടത്തിൽ |

| ക്രമ നം. | വകുപ്പ്/ അനുച്ഛേദം | നിലവിലുള്ളത് | പരിഷ്കരിക്കുന്നത് / കൂട്ടിച്ചേർക്കുന്നത് |
|---|---|---|---|
| | | ഒന്നിലധികം വാർഡിലുള്ളവർ ഒരു അയൽക്കൂട്ടത്തിൽ അംഗമാണെങ്കിൽ അവർക്ക് താല്പര്യമുള്ള എ.ഡി.എസ്സ്. ൽ അംഗത്വം എടുക്കാവുന്നതാണ്. മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പ്രത്യേക അയൽക്കൂട്ടങ്ങൾ ഒന്നിലധികം വാർഡുകളുമായി ബന്ധപ്പെട്ട് ഒന്നിൽ കൂടുതൽ ഉണ്ടെങ്കിൽ അവയെ ചേർത്ത് ഒരു പ്രത്യേക എ.ഡി.എസ് രൂപീകരിക്കാവുന്നതാണ്. ഇപ്രകാരം എ.ഡി.എസുകൾ രൂപീകരിക്കുന്നതിനുള്ള പ്രത്യേക ചുമതല സി.ഡി.എസ്സുകളിൽ നിക്ഷിപ്തമാണ്. ഇതിനായി അനുബന്ധം ഫോറം –3 എ.ഡി.എസ്സുകൾ മുഖാന്തിരം ബന്ധപ്പെട്ടവർക്ക് വിതരണം ചെയ്ത് അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് ക്രോഡീകരിക്കേത് സി.ഡി.എസ്സാണ്.(സ.ഉ.(പി) 162/2011/തസ്വഭവ തീയതി 29/7/2011) | അംഗമാണെങ്കിൽ, അംഗസംഖ്യ കൂടുതലുള്ള ഉള്ള വാർഡിലെ എഡിഎസ്സിൽ അംഗത്വമെടുക്കേണ്ടതാണ്. മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ ഉൾപ്പെടെയുള്ള പ്രത്യേക അയൽക്കൂട്ടങ്ങൾ ഒന്നിലധികം വാർഡുകളുമായി ബന്ധപ്പെട്ട് ഒരേ വിഭാഗത്തിൽ ഒന്നിൽ കൂടുതൽ ഉണ്ടെങ്കിൽ അവയെ ചേർത്ത് ഒരു പ്രത്യേക എ.ഡി.എസ് സിഡിഎസ്തലത്തിൽ രൂപീകരിക്കാവുന്നതാണ്. ഇപ്രകാരം എ.ഡി.എസുകൾ രൂപീകരിക്കുന്നതിനുള്ള പ്രത്യേക ചുമതല സി.ഡി.എസ്സുകളിൽ നിക്ഷിപ്തമാണ്. ഇതിനായി അനുബന്ധം ഫോറം –3 എ.ഡി.എസ്സുകൾ മുഖാന്തിരം ബന്ധപ്പെട്ടവർക്ക് വിതരണം ചെയ്ത് അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് ക്രോഡീകരിക്കേണ്ടത് സി.ഡി.എസ്സാണ്. (2014) |
| | 8.1.1 | അംഗത്വം ആഗ്രഹിക്കുന്ന കുടുംബത്തിലെ ഒരു വനിതാ അംഗം അയൽക്കൂട്ട യോഗത്തിൽ പങ്കെടുത്ത് അംഗത്വം ആവശ്യപ്പെടുന്ന മുറയ്ക്കും, ഈ ബൈലാ അംഗീകരിച്ച് അയൽക്കൂട്ടത്തിൽ പ്രവർത്തിക്കാമെന്ന് (രേഖാമൂലം) സമ്മതിക്കുന്ന മുറയ്ക്കും അംഗത്വം നൽകേണ്ടതാണ്. | • അംഗത്വം ആഗ്രഹിക്കുന്ന കുടുംബത്തിലെ ഒരു വനിതാ അംഗം അയൽക്കൂട്ട യോഗത്തിൽ പങ്കെടുത്ത് അംഗത്വം ആവശ്യപ്പെടുന്ന മുറയ്ക്കും, ഈ ബൈലാ അംഗീകരിച്ച് അയൽക്കൂട്ടത്തിൽ പ്രവർത്തിക്കാമെന്ന് (രേഖാമൂലം) സമ്മതിക്കുന്ന മുറയ്ക്കും അംഗത്വം നൽകേണ്ടതാണ്.<br>• പ്രത്യേക അയൽക്കൂട്ടത്തിൽ അംഗത്വം ആഗ്രഹിക്കുന്ന അർഹരായ വിഭാഗങ്ങളിലെ വനിതകൾക്ക് അംഗത്വം നൽകാവുന്നതാണ്.<br>• അയൽക്കൂട്ട പ്രവേശനത്തിന് താല്പര്യമുള്ളവരുടെ സന്നദ്ധത രേഖാമൂലം പ്രത്യേക ഫോറത്തിൽ എഴുതി ഒപ്പിട്ട് വാങ്ങിക്കണം. (2014) |
| | 8.2 | സി.ഡി.എസ്സ്.ൽ പ്രവേശനം (അഫിലിയേഷൻ) നേടുന്ന അയൽക്കൂട്ടം ബന്ധപ്പെട്ട എ.ഡി.എസ്സ്. ലും സ്വാഭാവികമായി പ്രവേശനം നേടുന്നതാണ്. 7.1.6, 7.1.7 അനുഛേദങ്ങളിൽ വിവരിക്കുന്ന തരത്തിലുള്ള പ്രത്യേക അയൽക്കൂട്ടങ്ങൾക്ക് അനുഛേദം 7.2.2.–ൽ | സി.ഡി.എസ്സ്.ൽ പ്രവേശനം (അഫിലിയേഷൻ) നേടുന്ന അയൽക്കൂട്ടം ബന്ധപ്പെട്ട എ.ഡി.എസ്സ്. ലും അപേക്ഷ സമർപ്പിച്ച് പ്രവേശനം നേടേണ്ടതാണ്. 7.1.6, 7.1.7 അനുഛേദങ്ങളിൽ വിവരിക്കുന്ന തരത്തിലുള്ള പ്രത്യേക അയൽക്കൂട്ടങ്ങൾക്ക് അനുഛേദം 7.2.2.–ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം അവർ തന്നെ |

| ക്രമ നം. | വകുപ്പ്/ അനുച്ഛേദം | നിലവിലുള്ളത് | പരിഷ്കരിക്കുന്നത് / കൂട്ടിച്ചേർക്കുന്നത് |
|---|---|---|---|
| | | നിർദ്ദശിച്ചിട്ടുള്ള പ്രകാരം അവർ തന്നെ തെരഞ്ഞെടുക്കുന്ന എ.ഡി.എസ്സ്.ൽ അഫിലിയേഷൻ നേടാവുന്നതാണ്. | തെരഞ്ഞെടുക്കുന്ന പ്രത്യേക എ.ഡി.എസ്സ്.ൽ അഫിലിയേഷൻ നേടാവുന്നതാണ്.<br>രേഖാമൂലം ഫോറവും അഫിലിയേഷനും നൽകണം. |
| | 8.3.2. | ഓരോ വർഷവും ഏപ്രിൽ മാസാവസാനത്തിനുമുമ്പ് അഫിലിയേഷൻപുതുക്കേണ്ടതാണ്. ഇതിലേയ്ക്കുള്ള പ്രത്യേക ഫോം (അനുബന്ധം-1) പൂരിപ്പിച്ചു നൽകുകയും, നിശ്ചിത വാർഷിക വരിസംഖ്യ അടയ്ക്കുകയും ചെയ്തുകൊണ്ട ാണ് പുതുക്കൽ നടത്തേണ്ടത്. | ഓരോ വർഷവും ഏപ്രിൽ മാസാവസാനത്തിനുമുമ്പ് അഫിലിയേഷൻപുതുക്കേണ്ടതാണ്. ഇതിലേയ്ക്കുള്ള പ്രത്യേക ഫോം (അനുബന്ധം-1) പൂരിപ്പിച്ചു നൽകുകയും, നിശ്ചിത വാർഷിക വരിസംഖ്യ അടയ്ക്കുകയും ചെയ്തുകൊ ണ്ടാണ് പുതുക്കൽ നടത്തേണ്ടത്. അയൽക്കൂട്ടങ്ങൾക്ക് അഫിലിയേഷൻ നൽകേ ണ്ട ഉത്തരവാദിത്വം സിഡിഎസ്സിന്റെതാണ്. (2014) |
| | 10.1.1. | തക്കതായ കാരണങ്ങളാൽ അല്ലാതെ തുടർച്ചയായി ആറ് (6) മാസക്കാലയളവിലേയ്ക്ക് അയൽക്കൂട്ടത്തിൽ ഹാജരാകുന്നതിൽ നിന്ന്വിട്ടുനില്കുകയാണെങ്കിൽ ഏതൊരു അയൽക്കൂട്ട അംഗത്തിന്റേയും അംഗത്വം സ്വയമേവനഷ്ടപ്പെടുന്നതാണ്. എന്നാൽ ഇപ്രകാരം അംഗത്വം നഷ്ടപ്പെടുന്ന കുടുംബങ്ങളെതിരികെ കൊ ണ്ട ുവന്ന് വീണ്ട ും അംഗങ്ങളാക്കുന്നതിനും അവരുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിനും സി.ഡി.എസ്സും എ.ഡി.എസ്സും ശ്രദ്ധിക്കേണ്ടതാണ്.<br>അയൽക്കൂട്ടങ്ങളിൽ നിന്നും പിരിഞ്ഞു പോവുകയോ വിട്ടു നില്ക്കുകയോ ചെയ്യുന്ന അംഗങ്ങളുടെ വിവരങ്ങൾ പ്രതിമാസ എ.ഡി.എസ്. യോഗത്തിൽ അയൽക്കൂട്ടത്തിന്റെ ഭാരവാഹികൾ റിപ്പോർട്ടു ചെയ്യേണ്ട താണ്. ഇപ്രകാരം റിപ്പോർട്ട് ചെയ്യപ്പെട്ടാൽ എ.ഡി.എസ്. ഭാരവാഹികൾ വസ്തുനിഷ്ഠമായ അന്വേഷണം നടത്തുകയും പിരിഞ്ഞുപോകുന്ന/ വിട്ടു നില്ക്കുന്ന കുടംബവുമായി ചർച്ച ചെയ്ത് അവർക്ക് അയൽക്കൂട്ടത്തിൽ തുടർന്നും പങ്കെടുക്കുന്നതിനുള്ള അവസരം ഉണ്ട ാക്കികൊടുക്കേണ്ട താണ്.<br>എ.ഡി.എസ്സ്.ന്റെ ശ്രമങ്ങൾ പരാജപ്പെട്ടാൽ സി.ഡി.എസ്സ്. ന് റിപ്പോർട്ട് നല്കുകയും സി.ഡി.എസ്. ഭാരവാഹികൾ ഉചിതമായ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ട താണ്. | രേഖാമൂലം അനുമതിയില്ലാതെ തുടർച്ചയായി 6 (ആറ്) മാസക്കാലയളവിലേയ്ക്ക് അയൽക്കൂട്ടത്തിൽ നിന്ന് വിട്ടു നിൽക്കുകയാണെങ്കിൽ, ഏതൊരു അംഗത്തിന്റെയും അംഗത്വം സ്വയമേവ നഷ്ടപ്പെടുന്നതാണ്. |

| ക്രമ നം. | വകുപ്പ്/ അനുച്ഛേദം | നിലവിലുള്ളത് | പരിഷ്കരിക്കുന്നത് / കൂട്ടിച്ചേർക്കുന്നത് |
|---|---|---|---|
| | 10.1.5. | അംഗം സ്വയം ആവശ്യപ്പെടുകയാണെങ്കിൽ അംഗത്വത്തിൽ നിന്ന് നിബന്ധനകളോടെ ഒഴിവാക്കപ്പെടേ ണ്ടതാണ്. | അംഗം സ്വയം ആവശ്യപ്പെടുകയാണെങ്കിൽ നിലവിൽ ബാധ്യതകൾ ഉ ണ്ടെങ്കിൽ അവ തീർത്ത് അംഗത്വം ഒഴിവാക്കേണ്ട താണ്. ഇക്കാര്യം യോഗം ചേർന്ന് തീരുമാനം എടുത്ത് മിനിട്ട്സിൽ രേഖപ്പെടുത്തണം. |
| | 10.1.6. | പിരിഞ്ഞു പോകുന്ന/പിരിച്ചു വിടപ്പെടുന്ന അംഗത്തിന് അർഹമായ സമ്പാദ്യത്തുകയും തൊട്ടു മുമ്പത്തെ മാർച്ച് 31-വരെ ക ണക്കാക്കപ്പെട്ടിട്ടുള്ള ലാഭവിഹിതവും നൽകാനു ണ്ടെങ്കിൽ ആയതും ലഭ്യമാക്കപ്പെട്ട ശേഷം മാത്രമേ പിരിഞ്ഞു പോകൽ പ്രാവർത്തികമാവുകയുള്ളൂ. | പിരിഞ്ഞു പോകുന്ന അംഗത്തിന് അർഹമായ സമ്പാദ്യ തുകയും തൊട്ടു മുൻവർഷം മാർച്ച് 31 വരെ കണക്കാക്കപ്പെട്ടിട്ടുള്ള ലാഭവിഹിതവും നൽകാനു ണ്ടെങ്കിൽ ആയതും കൃത്യമായി രേഖാമൂലം നൽകി മിനിട്സ് രേഖപ്പെടുത്തി ഒപ്പിട്ട് സൂക്ഷിയ്ക്കണം. |
| | 10.1.9. | നിലവിലില്ല | അഫിലിയേഷൻ സംബന്ധിച്ച് ഒരു അപ്പലേറ്റ് കമ്മിറ്റി ജില്ലാ തലത്തിൽ ഡിഎംസി, എഡിഎംസി (സംഘടന) എന്നിവരുടെ നേതൃത്വത്തിൽ രൂപീകരിക്കണം. അയൽക്കൂട്ടങ്ങൾക്ക് അഫിലിയേഷൻ സിഡിഎസ് നൽകാത്തപക്ഷം രേഖാമൂലമുള്ള അവരുടെ പരാതിയിൽ ഒരുമാസത്തിനകം തീർപ്പ് കൽപ്പിക്കണം. |
| | 10.3.2. | വാർഷിക വരിസംഖ്യ കുടിശ്ശിക വരുത്തുകയോ അയൽക്കൂട്ടം സ്വയം ആവശ്യപ്പെടുകയോ പ്രവർത്തന രഹിതമാവുകയോ ചെയ്യുകയാണെങ്കിലും അഫിലിയേഷൻ നഷ്ടപ്പെടുന്നതാണ്. | വാർഷിക വരിസംഖ്യ കുടിശ്ശിക വരുത്തുകയോ അയൽക്കൂട്ടം സ്വയം ആവശ്യപ്പെടുകയോ പ്രവർത്തന രഹിതമാവുകയോ ചെയ്യുകയാണെങ്കിലും അഫിലിയേഷൻ നഷ്ടപ്പെടുന്നതാണ്. വാർഷിക വരിസംഖ്യ അടക്കാൻ ആവശ്യപ്പെട്ട് സിഡിഎസ്, അയൽക്കൂട്ടങ്ങൾക്ക് രേഖാമൂലം നോട്ടീസ് അയയ്ക്കണം. തിരഞ്ഞെടുപ്പു വിജ്ഞാപനത്തിനു മുമ്പായി അഫിലിയേഷൻ പ ുതുക്കാനുള്ള അറിയിപ്പ് നോട്ടീസ്സായി നൽകി തെളിവ് സൂക്ഷിക്കേണ്ടതാണ്. (2014) |
| | 10.3.4. | കടബാധ്യതകൾ ഈടാക്കുന്നതിനുള്ള നടപടി ക്രമം കുടുംബശ്രീ സംസ്ഥാന മിഷൻ അതതു കാലങ്ങളിൽ നിശ്ചയിക്കുന്നതായിരിക്കും | കടബാധ്യത ഈടാക്കാനുള്ള നടപടി നോട്ടീസ്, റവന്യൂ റിക്കവറി, പ്രോസിക്യൂഷൻ എന്നിങ്ങനെ മൂന്നു ഘട്ടങ്ങളിലായി നടപ്പിലാക്കേ ണ്ട താണ്. മെമ്പർ സെക്രട്ടറിമാർക്കായിരിക്കും ഇതിന്റെ ചുമതല. |
| | 11.2.1. | ഗ്രാമ പഞ്ചായത്ത്/ നഗരസഭകളിലെ ഒരു വാർഡ് പ്രദേശത്ത് രണ്ട് അയൽക്കൂട്ടങ്ങളെങ്കിലും നിലവിലു ണ്ടെങ്കിൽ എ.ഡി.എസ്. രൂപീകരിക്കാവുന്നതാണ്. എന്നാൽ ഒരു അയൽക്കൂട്ടം മാത്രമെ നിലവിലുള്ളുയെ ങ്കിൽ ആ അയൽക്കൂട്ടത്തെ അതിന്റെ താല്പര്യത്തിന് | • അയൽക്കൂട്ടം അഫിലിയേഷൻ/രജിസ്ട്രേഷനുള്ള കാലാവധി അയൽക്കൂട്ട രൂപീകരണ തീയതി മുതൽ 3 (മൂന്നു) മാസമാണ്<br>• ഒരു വാർഡിൽ ഒരു അയൽക്കൂട്ടം മാത്രം ഉണ്ടെങ്കിലും എഡിഎസ് ഉണ്ട ാവുന്നതാണ്. പുതുതായി മറ്റൊരു അയൽക്കൂട്ടം |

| ക്രമ നം. | വകുപ്പ്/ അനുച്ഛേദം | നിലവിലുള്ളത് | പരിഷ്കരിക്കുന്നത് / കൂട്ടിച്ചേർക്കുന്നത് |
|---|---|---|---|
| | | അനുസൃതമായി, ആ വാർഡിൽ മറ്റൊരു അയൽക്കൂട്ടം രൂപീകൃതമാകുന്നതുവരെ, തൊട്ടടുത്ത വാർഡിലെ എ.ഡി.എസ്സുമായി അഫിലിയേറ്റ് ചെയ്യാവുന്നതാണ്.<br>ഗ്രാമ പഞ്ചായത്ത്/ നഗരസഭകളിൽ ഓരോ വാർഡ്/ ഡിവിഷൻ തലത്തിലും ഒരു എ.ഡി.എസ് മാത്രമെ രൂപീകരിക്കാൻ പാടുള്ളു. സർക്കാരിന്റെ പ്രത്യേക അനുമതിയോടെ രൂപീകരിക്കുന്ന ട്രൈബൽ എ.ഡി.എസ്സുകൾക്ക് ഈ നിബന്ധന ബാധകമല്ല. (സ.ഉ.(പി) നം. 265/2008/തസ്വഭവ തീയതി 10-10-2008 പ്രകാരം പരിഷ്കരിച്ചത്.) | രൂപീകരിക്കപ്പെടുന്നതുവരെ ആദ്യ അയൽക്കൂട്ടത്തിലെ 5 (അഞ്ച്) ഭാരവാഹികൾ താൽക്കാലിക എഡിഎസ് ആയി പ്രവർത്തിക്കേണ്ട താണ്.<br>• തെരഞ്ഞെടുപ്പ് വിജ്ഞാപനത്തിനു മൂന്നു മാസം മുമ്പ് രൂപീകരിച്ച അയൽക്കൂട്ടങ്ങൾക്ക് വോട്ടവകാശവും ഇലക്ഷനിൽ പങ്കെടുക്കുവാനുള്ള അധികാരവും ഉണ്ട ായിരിക്കുന്നതാണ്.<br>• ഒന്നിലധികം വാർഡുകൾ ചേർന്ന് എഡിഎസ് രൂപീകരിക്കുന്നത് പാടുള്ളതല്ല. |
| | 11.1.2(a) | നിലവിലില്ല | പ്രത്യേക അയൽക്കൂട്ടത്തിലെ എല്ലാ അംഗങ്ങളും അതേ അയൽക്കൂട്ടത്തിന്റെ പൊതുസഭാ അംഗങ്ങളായിരിക്കും. ഈ സമിതിക്ക് ഒരു കൺവീനറും ജോയിന്റ് കൺവീനറും ഉ ണ്ടായിരിക്കും. |
| | 11.2.3 | എ.ഡി.എസ്. പൊതു സഭ (ജനറൽ ബോഡി):- ഒരു എ.ഡി.എസ്സിന്റെ പരിധിയിലുള്ള എല്ലാ കുടുംബശ്രീ അയൽക്കൂട്ട ങ്ങളിലേയും എല്ലാ അഞ്ചംഗ ഭരണ സമിതി അംഗങ്ങളും ഉൾപ്പെടുന്നതാണ് എ.ഡി.എസ്സിന്റെ പൊതു സഭ. | എ.ഡി.എസ്. പൊതു സഭ (ജനറൽ ബോഡി):- ഒരു എ.ഡി.എസ്സിന്റെ പരിധിയിലുള്ള എല്ലാ കുടുംബശ്രീ അയൽക്കൂട്ട ങ്ങളിലേയും എല്ലാ അഞ്ചംഗ ഭരണ സമിതി അംഗങ്ങളും ഉൾപ്പെടുന്നതാണ് എ.ഡി.എസ്സിന്റെ പൊതു സഭ. സിഡിഎസ് / പഞ്ചായത്ത് / നഗരതലത്തിൽ രൂപീകരിക്കപ്പെടുന്ന പ്രത്യേക എഡിഎസ്സുകളുടെ പൊതുസഭയിലെ അംഗങ്ങൾ അതത് വിഭാഗത്തിലെ അയൽക്കൂട്ടങ്ങളുടെ കൺവീനർമാരും ജോയിന്റ് കൺവീനർമാരും ആയിരിക്കും. (2014) |
| | 11.2.4 | എ.ഡി.എസ്. ഭരണ സമിതി: എ.ഡി.എസ്. പൊതു സഭയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഏഴംഗ ഭരണ സമിതി ഉണ്ട ായിരിക്കും. ഏഴംഗ ഭരണസമിതിയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന താഴെപറയുന്ന 3 (മൂന്ന്) ഔദ്യോഗികഭാരവാഹികളും ഉണ്ട ായിരിക്കണം.<br>(i) എ.ഡി.എസ്. ചെയർപേഴ്സൺ<br>(ii) എ.ഡി.എസ്. വൈസ് ചെയർപേഴ്സൺ<br>(iii) എ.ഡി.എസ്. സെക്രട്ടറി | എ.ഡി.എസ്. ഭരണ സമിതി:<br>എ.ഡി.എസ്. ഭരണ സമിതി: എ.ഡി.എസ്. പൊതു സഭയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഏഴംഗ ഭരണ സമിതി ഉണ്ട ായിരിക്കും. ഏഴംഗ ഭരണസമിതിയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന താഴെപറയുന്ന 3 (മൂന്ന്) ഔദ്യോഗികഭാരവാഹികളും ഉണ്ട ായിരിക്കണം.<br>(i) എ.ഡി.എസ്. ചെയർപേഴ്സൺ<br>(ii) എ.ഡി.എസ്. വൈസ് ചെയർപേഴ്സൺ<br>(iii) എ.ഡി.എസ്. സെക്രട്ടറി |

| ക്രമ നം. | വകുപ്പ്/ അനുച്ഛേദം | നിലവിലുള്ളത് | പരിഷ്കരിക്കുന്നത് / കൂട്ടിച്ചേർക്കുന്നത് |
|---|---|---|---|
| | | | പ്രത്യേക അയൽക്കൂട്ടങ്ങൾ അംഗമായി വരുന്ന പ്രത്യേക എഡിഎസ്സിന്റെ ഭാരവാഹികൾ പ്രത്യേക എഡിഎസ്സിന്റെ കൺവീനറും ജോയിന്റ് കൺവീനറും ആയിരിക്കും. ഈ രണ്ട ഭാരവാഹികളും സ്ത്രീകൾ തന്നെ ആയിരിക്കേണ്ട താണ്. (2014) |
| | 11.3.4 | സി.ഡി.എസ്. ഭരണ സമിതി:- സി.ഡി.എസ്. ഭരണ സമിതി അംഗങ്ങളുടെ എണ്ണം പ്രത്യേക എ.ഡി.എസുകൾ ഉൾപ്പെടെയുള്ള എല്ലാ എ.ഡി.എസ്സുകളുടെയും എണ്ണത്തിനു തുല്യമായിരിക്കുകയും എല്ലാ എ.ഡി.എസുകൾക്കും സി.ഡി.എസ്. ൽ പ്രാതിനിധ്യം ഉ ണ്ടായിരിക്കുകയും ചെയ്യത്തക്ക വിധത്തിൽ പൊതുസഭയിൽ വച്ച് അതാത് എ.ഡി.എസ്. ഭരണ സമിതി അംഗങ്ങൾ പ്രത്യേക യോഗം ചേർന്ന് അവരിൽ നിന്നും ഒരു അംഗത്തെ സി.ഡി.എസ്. ഭരണസമിതിയിലേയ്ക്ക് തിരഞ്ഞെടുക്കേ ണ്ട തുമാണ്. ഈ (സി.ഡി.എസ്) ഭരണസമിതിയിൽ നിന്നും ഭരണ സമിതി അംഗങ്ങൾ തിരഞ്ഞെടുക്കുന്ന താഴെപറയുന്ന 2 (രണ്ട്) ഔദ്യോഗിക ഭാരവാഹികളും ഉണ്ട ായിരിക്കുന്നതാണ്.<br>(i) ചെയർപേഴ്സൺ<br>(ii) വൈസ് ചെയർപേഴ്സൺ<br>ഇവരെ കൂടാതെ മെമ്പർ സെക്രട്ടറി എക്സ് ഒഫീഷ്യോ അംഗമായി ഉൾപ്പെടുന്നതായിരിക്കും 'ഭരണസമിതി. സംസ്ഥാന സർക്കാർ നിർദ്ദേശത്തിന് വിധേയമായി ഗ്രാമ പഞ്ചായത്ത്/ നഗരസഭ നിയോഗിക്കുന്ന അനുയോജ്യയാ(നാ)യ ഉദ്യോഗസ്ഥ(ൻ) ആണ് മെമ്പർ സെക്രട്ടറി. മെമ്പർ സെക്രട്ടറിയെ കൂടാതെ ഗ്രാമ പഞ്ചായത്ത്/ നഗരസഭ നാമനിർദ്ദേശം ചെയ്യുന്ന 5 വനിതാ ജന പ്രതിനിധികളും (അതാത് ഗ്രാമ പഞ്ചായത്ത്/ നഗരസഭ യിലെ ഭരണ സമിതി അംഗങ്ങളായ 5 വനിതാ ജനപ്രതിനിധികളും) അനുഭവ സമ്പന്നരായ 2 മുൻ | സി.ഡി.എസ്. ഭരണ സമിതി:- സി.ഡി.എസ്. ഭരണ സമിതി അംഗങ്ങളുടെ എണ്ണം പ്രത്യേക എ.ഡി.എസുകൾ ഉൾപ്പെടെയുള്ള എല്ലാ എ.ഡി.എസ്സുകളുടെയും എണ്ണത്തിനു തുല്യമായിരിക്കും. എല്ലാ എ.ഡി.എസുകൾക്കും സി.ഡി.എസ്. ൽ പ്രാതിനിധ്യം ഉണ്ട ായിരിക്കതക്ക വിധത്തിൽ പൊതുസഭയിൽ വച്ച് പ്രത്യേക എഡിഎസ്സുകൾ ഉൾപ്പെടെ അതത് എ.ഡി.എസ്. ഭരണ സമിതി അംഗങ്ങൾ പ്രത്യേക യോഗം ചേർന്ന് അവരിൽ നിന്നും ഒരു അംഗത്തെ സി.ഡി.എസ്. ഭരണസമിതിയിലേയ്ക്ക് തിരഞ്ഞെടുക്കേ ണ്ട തുമാണ്. ഈ (സി.ഡി.എസ്) ഭരണസമിതിയിൽ നിന്നും ഭരണ സമിതി അംഗങ്ങൾ തിരഞ്ഞെടുക്കുന്ന താഴെപറയുന്ന 2 (രണ്ട്) ഔദ്യോഗിക ഭാരവാഹികളും ഉ ണ്ടായിരിക്കുന്നതാണ്.<br>(ശ) ചെയർപേഴ്സൺ<br>(ii) വൈസ് ചെയർപേഴ്സൺ.<br>സിഡിഎസ് ഭരണ സമിതി തെരഞ്ഞെടുക്കപ്പെട്ടതിനു ശേഷം കൂടുന്ന ആദ്യയോഗത്തിൽ വച്ചുതന്നെ സാമൂഹ്യനീതിപരമായ പ്രത്യേക എഡിഎസ്സുകളിൽ നിന്നുള്ള ഓരോ വനിതാ അംഗത്തെ സിഡിഎസ് ഭരണസമിതിയിലേയ്ക്ക് നോമിനേറ്റ് ചെയ്യുവാൻ തീരുമാനിക്കേണ്ട തും തൊട്ടടുത്ത ഭരണസമിതി യോഗം മുതൽക്ക് അവരെയും സിഡിഎസ് ഭരണസമിതിയിലേയ്ക്ക് ക്ഷണിച്ചു പങ്കെടുപ്പിക്കേണ്ടതുമാണ്. ഇപ്രകാരം നിയോഗിക്കപ്പെടുന്നവർക്ക് വോട്ടവകാശം ഒഴികെ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി അംഗങ്ങൾക്കുള്ള എല്ലാ അധികാര അവകാശങ്ങളും ഉ ണ്ട ായിരിക്കുന്നതുമാണ്. ഇവരിൽ ഉൾപ്പെടുന്ന ഒരാളെ കൺവീനറായി നിയോഗിച്ച് പ്രത്യേക എഡിഎസ് ഉപസമിതിയായി പ്രവർത്തിപ്പിക്കേണ്ടതുമാണ്. സിഡിഎസ് തലത്തിൽ ഒരു പ്രത്യേക വിഭാഗത്തിൽപ്പെടുന്ന ഒരൊറ്റ അയൽക്കൂട്ടം മാത്രമേ നിലവിലുള്ളൂ എങ്കിലും അതിൽ നിന്നുള്ള ഒരു വനിതാ അംഗത്തെക്കൂടി |

| ക്രമ നം. | വകുപ്പ്/ അനുച്ഛേദം | നിലവിലുള്ളത് | പരിഷ്കരിക്കുന്നത് / കൂട്ടിച്ചേർക്കുന്നത് |
|---|---|---|---|
| | | സി.ഡി.എസ്. 'ഭാരവാഹികളും എക്സ്ഒഫീഷ്യോ അംഗങ്ങളായി 'ഭരണസമിതിയിലും ജനറൽ ബോഡിയിലും ഉ ണ്ടായിരിക്കേതാണ്. സി.ഡി.എസ്. 'ഭരണ സമിതി തെരഞ്ഞെടുക്കപ്പെടുന്ന മുറയ്ക്ക് തന്നെ എക്സ്-ഒഫിഷ്യോ അംഗങ്ങളുടെ പട്ടികയും തയ്യാറാക്കിയിരിക്കണം. ഇതിനുപുറമെ സി.ഡി.എസ്സിന് ആവശ്യമെന്ന് കരുതുന്ന ഉദ്യോഗസ്ഥരെ 'ഭരണ സമിതി യോഗങ്ങളിൽ ക്ഷണിതാക്കളായി പങ്കെടുപ്പിക്കാവുന്നതാണ്. (സ.ഉ.(പി) നം. 265/2008/തസ്വഭവ തീയതി 10-10-2008 പ്രകാരം പ രിഷ്കരിച്ചത്.). (സ.ഉ.(പി) 162/2011/തസ്വഭവ തീയതി 29/7/2011) | മേൽപ്പറഞ്ഞ പ്രകാരം സിഡിഎസ് ഭരണസമിതിയിലേയ്ക്ക് നോമിനേറ്റ് ചെയ്യേണ്ട താണ്. |
| | 12.1. | സി.ഡി.എസ്സി.ന്റെ ഭരണസമിതിയിലേക്കും എ.ഡി.എസ്സിന്റെ ഏഴംഗ ഭരണ സമിതിയിലേക്കും അയൽക്കൂട്ടത്തിന്റെ അഞ്ചംഗ ഭരണസമിതിയിലേക്കും ഉള്ള തിരഞ്ഞെടുപ്പ്, ഇതിലേക്കായി പ്രത്യേകം വിളിച്ചു ചേർക്കുന്ന തിരഞ്ഞെടുപ്പു പൊതുയോഗത്തിൽ വച്ച് മൂന്ന് വർഷത്തിലൊരിക്കൽ നടത്തേണ്ട താണ്. | സി.ഡി.എസ്സി.ന്റെ ഭരണസമിതിയിലേക്കും എ.ഡി.എസ്സിന്റെ ഏഴംഗ ഭരണ സമിതിയിലേക്കും അയൽക്കൂട്ടത്തിന്റെ അഞ്ചംഗ ഭരണസമിതിയിലേക്കും ഉള്ള തിരഞ്ഞെടുപ്പ്, ഇതിലേക്കായി പ്രത്യേകം വിളിച്ചു ചേർക്കുന്ന തിരഞ്ഞെടുപ്പു പൊതുയോഗത്തിൽ വച്ച് മൂന്ന് വർഷത്തിലൊരിക്കൽ നടത്തേണ്ടതാണ്. ഇലക്ഷൻ നോട്ടിഫിക്കേഷന് മുമ്പ് എല്ലാ സിഡിഎസ്സുകൾക്കും അറിയിപ്പ് കൊടുത്ത് "അയൽക്കൂട്ട രൂപീകരണം" പ്രത്യേക പരിപാടി നടത്തുകയും, ഡിഎംസിയുടെ നേതൃത്വത്തിൽ പുതുതായി രൂപീകരിച്ച മൂന്നുമാസം പൂർത്തീകരിച്ച മുഴുവൻ അയൽക്കൂട്ടങ്ങൾക്കും വോട്ടവകാശം ഉണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യണം.<br>• സിഡിഎസ് ചെയർപേഴ്സൺമാരാകാൻ യോഗ്യതയില്ലാത്തവർ:<br>o സർക്കാർ, സർക്കാരിതര ഏജൻസികളിൽ ജോലി ചെയ്യുന്ന വ്യക്തികൾ, അംഗൻവാടി ജീവനക്കാർ, ആശ വർക്കർമാർ, ജനപ്രതിനിധികൾ - മറ്റു സ്ഥിരം ജോലിയുള്ളവർ (സർക്കാർ-സ്വകാര്യ സ്ഥാപനങ്ങളിൽ) തുടങ്ങിയവർക്ക് ചെയർപേഴ്സൺ ആകുന്നതിന് അർഹതയില്ല. |

| ക്രമ നം. | വകുപ്പ്/ അനുച്ഛേദം | നിലവിലുള്ളത് | പരിഷ്കരിക്കുന്നത് / കൂട്ടിച്ചേർക്കുന്നത് |
|---|---|---|---|
| | | | • കുടുംബശ്രീ സംഘടനാ സംവിധാനങ്ങളിലെ തിരഞ്ഞെടുപ്പുകളിൽ (അയൽക്കൂട്ടം, എഡിഎസ്, സിഡിഎസ്) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയോ മറ്റു സഹകരണ സ്ഥാപനങ്ങളിലേയോ തിരഞ്ഞെടുക്കപ്പെട്ടവരോ, ജന പ്രതിനിധികൾക്കോ സ്ഥാനാർത്ഥികൾ ആകാൻ അർഹതയില്ല.<br>• സാമ്പത്തിക ക്രമക്കേട് കാണിക്കുന്നവർക്കെതിരെ കൃത്യമായ നടപടിക്രമങ്ങൾ സ്വീകരിക്കേണ്ട താണ്.<br>• പ്രത്യേക അയൽക്കൂട്ടങ്ങൾ/ പ്രത്യേക എഡിഎസ് എന്നിവയ്ക്ക് വോട്ടവകാശം ഉണ്ട ാകില്ല.<br>• ജനസംഖ്യാടിസ്ഥാനത്തിൽ സംവരണ വാർഡുകൾ ആദ്യം പ്രസിദ്ധീകരിക്കണം. |
| | 12.5. | കുടുംബശ്രീ അയൽക്കൂട്ടത്തിലെ എല്ലാ അംഗങ്ങൾക്കും തിരഞ്ഞെടുക്കാനും തിരഞ്ഞെടുക്കപ്പെടാനും അർഹതയുണ്ടെങ്കിലും താഴെ പറയുന്ന ഔദ്യോഗിക സ്ഥാനങ്ങളിലേക്ക് ദരിദ്ര കുടുംബങ്ങളിലെ അംഗങ്ങൾക്കു മാത്രമെ തെരഞ്ഞെടുക്കപ്പെടാൻ അർഹതയുണ്ടായിരിക്കുകയുള്ളു. അയൽക്കൂട്ട സെക്രട്ടറി, പ്രസിഡന്റ് എന്നീ സ്ഥാനങ്ങളിൽ ഒരാൾ നിർബന്ധമായും ബി.പി.എൽ കുടുംബാംഗ പ്രതിനിധി ആയിരിക്കണം. അയൽക്കൂട്ടത്തിൽ ബി.പി.എൽ അംഗ പ്രതിനിധി ആരുമില്ലാത്ത സാഹചര്യത്തിൽ, എ.പി.എൽ അംഗങ്ങൾക്ക് സെക്രട്ടറി, പ്രസിഡന്റ് സ്ഥാനങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടാവുന്നതാണ്. എ.ഡി.എസ്. ചെയർപേഴ്സൺ, സെക്രട്ടറി എന്നിവരിൽ ഒരാൾ നിർബന്ധമായും ടി ഭരണ സമിതിയിലെ ബി.പി.എൽ അംഗമായിരിക്കണം. എ.ഡി.എസിന്റെ 7 അംഗ ഭരണ സമിതിയിലെ 75% അംഗങ്ങളെങ്കിലും ബി.പി.എൽ അംഗങ്ങൾ തന്നെയായിരിക്കണം. സി.ഡി.എസ്. ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ സ്ഥാനങ്ങളിലും ഏതെങ്കിലും ഒന്ന് നിർബന്ധമായും സി.ഡി.എസ്. ഭരണ സമിതിയിലെ ബി.പി.എൽ അംഗമായിരിക്കണം. | കുടുംബശ്രീ അയൽക്കൂട്ടത്തിലെ എല്ലാ അംഗങ്ങൾക്കും തിരഞ്ഞെടുക്കാനും തിരഞ്ഞെടുക്കപ്പെടാനും അർഹതയുണ്ടെങ്കിലും താഴെ പറയുന്ന ഔദ്യോഗിക സ്ഥാനങ്ങളിലേക്ക് ദരിദ്ര കുടുംബങ്ങളിലെ അംഗങ്ങൾക്കു മാത്രമെ തെരഞ്ഞെടുക്കപ്പെടാൻ അർഹതയുണ്ട ായിരിക്കുകയുള്ളു. അയൽക്കൂട്ട സെക്രട്ടറി, പ്രസിഡന്റ് എന്നീ സ്ഥാനങ്ങളിൽ ഒരാൾ നിർബന്ധമായും ബി.പി.എൽ കുടുംബാംഗ പ്രതിനിധി ആയിരിക്കണം. അയൽക്കൂട്ടത്തിൽ ബി.പി.എൽ അംഗ പ്രതിനിധി ആരുമില്ലാത്ത സാഹചര്യത്തിൽ, എ.പി.എൽ അംഗങ്ങൾക്ക് സെക്രട്ടറി, പ്രസിഡന്റ് സ്ഥാനങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടാവുന്നതാണ്. എ.ഡി.എസ്. ചെയർപേഴ്സൺ, സെക്രട്ടറി എന്നിവരിൽ ഒരാൾ നിർബന്ധമായും ടി ഭരണ സമിതിയിലെ ബി.പി.എൽ അംഗമായിരിക്കണം. എ.ഡി.എസിന്റെ 7 അംഗ ഭരണ സമിതിയിലെ 50% അംഗങ്ങളെങ്കിലും ബി.പി.എൽ അംഗങ്ങൾ തന്നെയായിരിക്കണം. സി.ഡി.എസ്. ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ സ്ഥാനങ്ങളിലും ഏതെങ്കിലും ഒന്ന് നിർബന്ധമായും സി.ഡി.എസ്. ഭരണ സമിതിയിലെ ബി.പി.എൽ അംഗമായിരിക്കണം. സി.ഡി.എസ്. ഭരണ സമിതികളിൽ കുറഞ്ഞത് 50% എങ്കിലും ബി.പി.എൽ അംഗ പ്രാതിനിധ്യം ഉറപ്പുവരുത്തണം. കേരളത്തിലെ ഒരു നിശ്ചിത ശതമാനം സി.ഡി.എസ്സുകളിൽ സി.ഡി.എസ്. ചെയർപേഴ്സൺ/ വൈസ് ചെയർപേഴ്സൺ |

| ക്രമ നം. | വകുപ്പ്/ അനുച്ഛേദം | നിലവിലുള്ളത് | പരിഷ്കരിക്കുന്നത് / കൂട്ടിച്ചേർക്കുന്നത് |
|---|---|---|---|
| | | സി.ഡി.എസ്. ഭരണ സമിതികളിൽ കുറഞ്ഞത് 75% എങ്കിലും ബി.പി.എൽ അംഗ പ്രാതിനിധ്യം ഉറപ്പുവരുത്തണം.<br>കേരളത്തിലെ ഒരു നിശ്ചിത ശതമാനം സി.ഡി.എസ്സുകളിൽ സി.ഡി.എസ്. ചെയർപേഴ്സൺ/ വൈസ് ചെയർപേഴ്സൺ സ്ഥാനങ്ങൾ റൊട്ടേഷൻ അടിസ്ഥാനത്തിൽ എസ്.സി/എസ്.ടി വിഭാഗങ്ങൾക്കായി സംവരണം ചെയ്യേണ്ടതാണ്. ഇതിനായുള്ള മാനദണ്ഡങ്ങളും നിബന്ധനകളും കുടുംബശ്രീ പൊതുധാരാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് അതാതു കാലം സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്നതാണ്.<br>അയൽക്കൂട്ടങ്ങളിൽ 75% ന് മുകളിൽ ബി.പി.എൽ അംഗങ്ങളാണെങ്കിൽ 4 പേരെങ്കിലും 5 അംഗ ഭരണസമിതിയിൽ ബി.പി.എൽ. ആയിരിക്കണം. 51% മുതൽ 75% വരെ ബി.പി.എൽ. അംഗങ്ങളാണെങ്കിൽ 5 അംഗ ഭരണസമിതിയിൽ കുറഞ്ഞത് 3 അംഗങ്ങളെങ്കിലും ബി.പി.എൽ. ആയിരിക്കണം. 26% മുതൽ 50% വരെ ബി.പി.എൽ. അംഗങ്ങളാണെങ്കിൽ കുറഞ്ഞത് 2 ബി.പി.എൽ. അംഗങ്ങളെങ്കിലും നിർബന്ധമായും 5 അംഗഭരണസമിതിയിലേയ്ക്ക് തെരഞ്ഞെടുക്കേണ്ട താണ്. 26% ൽ താഴെ ബി.പി.എൽ. അംഗങ്ങൾ ഉണ്ടെങ്കിൽ 5 അംഗ ഭരണസമിതിയിൽ കുറഞ്ഞത് ഒരു അംഗമെങ്കിലും ബി.പി.എൽ. ആയിരിക്കണം. ***(സ.ഉ.(പി) നം. 169/2011/തസ്വഭവ തീയതി 05-08-2011.)*** | സ്ഥാനങ്ങൾ റൊട്ടേഷൻ അടിസ്ഥാനത്തിൽ എസ്.സി/എസ്.ടി വിഭാഗങ്ങൾക്കായി സംവരണം ചെയ്യേണ്ട താണ്. ഇതിനായുള്ള മാനദണ്ഡങ്ങളും നിബന്ധനകളും കുടുംബശ്രീ പൊതുധാരാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് അതാതു കാലം സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്നതാണ്.<br>അയൽക്കൂട്ടങ്ങളിൽ 75% ന് മുകളിൽ ബി.പി.എൽ അംഗങ്ങളാണെങ്കിൽ 4 പേരെങ്കിലും 5 അംഗ ഭരണസമിതിയിൽ ബി.പി.എൽ. ആയിരിക്കണം. 51% മുതൽ 75% വരെ ബി.പി.എൽ. അംഗങ്ങളാണെങ്കിൽ 5 അംഗ ഭരണസമിതിയിൽ കുറഞ്ഞത് 3 അംഗങ്ങളെങ്കിലും ബി.പി.എൽ. ആയിരിക്കണം. 26% മുതൽ 50% വരെ ബി.പി.എൽ. അംഗങ്ങളാണെങ്കിൽ കുറഞ്ഞത് 2 ബി.പി.എൽ. അംഗങ്ങളെങ്കിലും നിർബന്ധമായും 5 അംഗഭരണസമിതിയിലേയ്ക്ക് തെരഞ്ഞെടുക്കേണ്ടതാണ്. 26% ൽ താഴെ ബി.പി.എൽ. അംഗങ്ങൾ ഉണ്ടെങ്കിൽ 5 അംഗ ഭരണസമിതിയിൽ കുറഞ്ഞത് ഒരു അംഗമെങ്കിലും ബി.പി.എൽ. ആയിരിക്കണം.<br>എസ്.സി/എസ്.ടി വിഭാഗങ്ങളിൽ ആരും തന്നെ ബിപിഎൽ ആയി ഇല്ലെങ്കിൽ ആ വിഭാഗത്തിൽ നിന്ന് അയൽക്കൂട്ടയോഗത്തിൽ പ ങ്കെടുത്തവരിൽ നിന്ന് ഒരു സ്ത്രീയെ ബിപിഎൽ ആയി പരിഗണിച്ച് ഭാരവാഹിയായി തിരഞ്ഞെടുക്കേണ്ട താണ്. |
| | 12.7. | താഴെ പറയുന്ന ഔദ്യോഗിക സ്ഥാനങ്ങളിൽ ഏതെങ്കിലും ഔദ്യോഗിക സ്ഥാനത്തേയ്ക്ക് തുടർച്ചയായി രണ്ട് തവണ മാത്രമേ ഒരു വ്യക്തിക്ക് തെരഞ്ഞെടുക്കപ്പെടാൻ അർഹത ഉണ്ടായിരിക്കുകയുള്ളൂ.<br>1. എൻ.എച്ച്.ജി. പ്രസിഡന്റ്<br>2. എൻ.എച്ച്.ജി. സെക്രട്ടറി | താഴെ പറയുന്ന ഔദ്യോഗിക സ്ഥാനങ്ങളിൽ ഏതെങ്കിലും ഔദ്യോഗിക സ്ഥാനത്തേയ്ക്ക് തുടർച്ചയായി മൂന്ന് (3) തവണ മാത്രമേ ഒരു വ്യക്തിക്ക് തെരഞ്ഞെടുക്കപ്പെടാൻ അർഹത ഉണ്ട ായിരിക്കുകയുള്ളൂ.<br>1. എൻ.എച്ച്.ജി. പ്രസിഡന്റ്<br>2. എൻ.എച്ച്.ജി. സെക്രട്ടറി<br>3. എ.ഡി.എസ്. ചെയർപേഴ്സൺ |

| ക്രമ നം. | വകുപ്പ്/ അനുച്ഛേദം | നിലവിലുള്ളത് | പരിഷ്കരിക്കുന്നത് / കൂട്ടിച്ചേർക്കുന്നത് |
|---|---|---|---|
| | | 3. എ.ഡി.എസ്. ചെയർപേഴ്സൺ<br>4. എ.ഡി.എസ്.വൈസ് ചെയർപേഴ്സൺ<br>5. എ.ഡി.എസ്. സെക്രട്ടറി<br>6. സി.ഡി.എസ്. ചെയർപേഴ്സൺ<br>7. സി.ഡി.എസ്. വൈസ് ചെയർപേഴ്സൺ | 4. എ.ഡി.എസ്.വൈസ് ചെയർപേഴ്സൺ<br>5. എ.ഡി.എസ്. സെക്രട്ടറി<br>6. സി.ഡി.എസ്. വൈസ് ചെയർപേഴ്സൺ<br>7. ഔദ്യോഗിക സ്ഥാനങ്ങളിൽ സിഡിഎസ് ചെയർപേഴ്സൺ ഒഴികെ ബാക്കിയുള്ള എല്ലാ സ്ഥാനങ്ങളിലും പ രമാവധി 3 തവണ മാത്രമേ ഒരംഗത്തിന് തിരഞ്ഞെടുക്കപ്പെടുവാൻ അർഹത ഉ ണ്ടാവുകയുള്ളു.<br>സിഡിഎസ് ചെയർപേഴ്സണിന് രു (2) തവണ മാത്രമേ തിരഞ്ഞെടുക്കപ്പെടാൻ അർഹതയുള്ളു. എന്നാൽ, എസ്.സി, എസ്ടി വിഭാഗങ്ങളെ ഇതിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. |
| | 12.18 | നിലവിലില്ല | സാമൂഹ്യനീതിപരമായ പ്രത്യേക അയൽക്കൂട്ടങ്ങളിൽ അയൽക്കൂട്ടങ്ങളിലെ അംഗങ്ങൾ അവരുടെ ഭാരവാഹികളെ സ്വയമേവ തെരഞ്ഞെടുക്കേണ്ട താണ്. ഇതേ രീതി തന്നെയാണ് എഡിഎസ് തലത്തിലും ഭാരവാഹികളെ തെരഞ്ഞെടുക്കാനും അനുവർത്തിക്കേണ്ട ത്. |
| | 13.1.3 | നിലവിലില്ല | സാമൂഹ്യനീതിപരമായ പ്രത്യേക അയൽക്കൂട്ടങ്ങൾക്ക് മറ്റുള്ള അയൽക്കൂട്ടങ്ങളെപ്പോലെ സ്വയം ആവശ്യമെന്ന് തോന്നുന്ന പക്ഷം ത്രിഫ്റ്റ് സമ്പാദ്യമടക്കമുള്ള ഫണ്ട് സ്വരൂപണത്തിനും, അതിനനുസരണമായ ബാങ്ക് അക്കൗ ണ്ട് അടക്കം തുടങ്ങി നിലനിർത്തുന്നതിനും മറ്റ് അക്കൗ ണ്ടുകൾ എഴുതി സൂക്ഷിക്കുന്നതിനും തീരുമാനിക്കാവുന്നതാണ്. സിഡിഎസ് ഭരണസമിതി അംഗീകരിക്കുന്ന തരത്തിലുള്ള അഫിലിയേഷൻ ഫീസും വാർഷിക വരിസംഖ്യയും സിഡിഎസ്സുകൾക്ക് നൽകിയാണ് അഫിലിയേഷൻ നടത്തേണ്ടതും വർഷംപ്രതി അഫിലിയേഷൻ പുതുക്കേണ്ട തും. |
| | 14.2. | കണക്ക് പരിശോധനയ്ക്ക് കുടുംബശ്രീ ജില്ലാ മിഷൻ നിർദ്ദേശിക്കുന്ന ആഡിറ്റ് ടീം ഉണ്ട ായിരിക്കുന്നതാണ്. | കണക്ക് പരിശോധനയ്ക്ക് കുടുംബശ്രീ ജില്ലാ മിഷൻ നിർദ്ദേശിക്കുന്ന ആഡിറ്റ് ടീം ഉണ്ട ായിരിക്കുന്നതാണ്. അയൽക്കൂട്ടം, എഡിഎസ്, സിഡിഎസ് എന്നിവ തിരിച്ച് ഓഡിറ്റ് ചെയ്യേണ്ട ഉത്തരവാദിത്വം കാസ് ഗ്രൂപ്പിനാണ്. ഓരോ വർഷവും കാസ് ജനറൽ ബോഡിയോഗം ഡിഎംസി വിളിച്ചു കൂട്ടി അയൽക്കൂട്ടം, എഡിഎസ്, സിഡിഎസ് തിരിച്ച് ചുമതല |

| ക്രമ നം. | വകുപ്പ്/ അനുച്ഛേദം | നിലവിലുള്ളത് | പരിഷ്കരിക്കുന്നത് / കൂട്ടിച്ചേർക്കുന്നത് |
|---|---|---|---|
| | | | വിഭജനം നടത്തി ഉത്തരവ് നൽകണം. ഓരോ വർഷവും ഏപ്രിൽ മാസം ഈ നടപടി പൂർത്തീകരിക്കണം. ഒരു ചാർട്ടേഡ് അക്കൗണ്ട ന്റിന്റെ മേൽനോട്ടത്തിലായിരിക്കും കാസ്'ടീം സിഡിഎസ് ഓഡിറ്റിംഗ് പൂർത്തിയാക്കേണ്ട ത്. (2014) |
| | 15.3.5. | വാർഷിക പൊതുയോഗം എല്ലാ വർഷവും ഏപ്രിൽമാസത്തിൽ ചേരേതും ഓഡിറ്റ് ചെയ്ത അക്കൗണ്ട് പരിശോധിച്ച് ലഭ്യമാക്കുന്ന ബാക്കിപത്രവും വരവ്ചെലവ് കണക്കുകളും ഉൾപ്പെടുന്ന സാമ്പത്തിക റിപ്പോർട്ടും പ്രവർത്തന റിപ്പോർട്ടും അവതരിപ്പിച്ച് അംഗീകരിക്കേണ്ടതുമാണ്. | വാർഷിക പൊതുയോഗം എല്ലാ വർഷവും ഏപ്രിൽമാസത്തിൽ ചേരേണ്ട തും ഓഡിറ്റ് ചെയ്ത അക്കൗണ്ട് പരിശോധിച്ച് ലഭ്യമാക്കുന്ന ബാക്കിപത്രവും വരവ് ചെലവ് കണക്കുകളും ഉൾപ്പെടുന്ന സാമ്പത്തിക റിപ്പോർട്ടും പ്രവർത്തന റിപ്പോർട്ടും അവതരിപ്പിച്ച് അംഗീകരിക്കേണ്ട തുമാണ്. സിഡിഎസ് വാർഷിക പൊതു യോഗത്തിൽ വിലയിരുത്തൽ സമിതി അദ്ധ്യക്ഷനെ പ ങ്കെടുപ്പിക്കേണ്ട താണ്. (2014) |
| | 16.1.5.16 | നിലവിലില്ല | അയൽക്കൂട്ട അംഗങ്ങൾക്ക് വിവിധ ജിവിതോപാധി മാർഗ്ഗങ്ങൾ ക ണ്ടെത്തുന്നതിന് വേണ്ടി പ്രവർത്തിക്കുക. |
| | 16.2.6.1. | എ.ഡി.എസ്. പൊതുയോഗം മൂന്നു (3) മാസത്തിലൊരിക്കലും ഭരണസമിതിയുടെ യോഗം മാസത്തിലൊരിക്കലും കൂടണം. (സ.ഉ.(പി) നം. 265/2008/തസ്വഭവ തീയതി 10-10-2008 പ്രകാരം ഭേദഗതി വരുത്തിയത്) | എ.ഡി.എസ്. പൊതുയോഗം മൂന്നു (3) മാസത്തിലൊരിക്കലും ഭരണസമിതിയുടെ യോഗം മാസത്തിലൊരിക്കലും കൂടണം. |
| | 16.3.13. | ഓരോ മാസത്തിലും ആദ്യത്തെ 'ഭരണസമിതി യോഗത്തിൽ മുൻമാസാവസാനം വരെയുള്ള വരവ്ചെലവ് കണക്കുകളും വൗച്ചറുകളും രസീതുകളും 'ഭരണസമിതി പരിശോധിക്കേണ്ട തും ശരിയാണെന്ന് ബാധ്യപ്പെട്ടാൽമാത്രം പാസ്സാക്കി ഒപ്പിടേണ്ട തുമാകുന്നു. എന്തെങ്കിലും വ്യത്യാസം കാണുന്ന പക്ഷം അതിന് കാരണക്കാരായവരോട് സമാധാനം ആവശ്യപ്പെടേ ണ്ടതും അവരിൽനിന്നും വല്ല തുകയും ഈടാക്കാൻ ഉണ്ടെന്ന് കാണുന്നപക്ഷം ഈടാക്കാനുള്ള നടപടി ഉടൻ നടത്തേണ്ട തുമാകുന്നു. | ഓരോ മാസത്തിലും ആദ്യത്തെ 'ഭരണസമിതി യോഗത്തിൽ മുൻമാസാവസാനം വരെയുള്ള വരവ്ചെലവ് കണക്കുകളും വൗച്ചറുകളും രസീതുകളും 'ഭരണസമിതി പരിശോധിക്കേണ്ട തും ശരിയാണെന്ന് ബാധ്യപ്പെട്ടാൽമാത്രം പാസ്സാക്കി ഒപ്പിടേ ണ്ട തുമാകുന്നു. എന്തെങ്കിലും വ്യത്യാസം കാണുന്നപക്ഷം അതിന് കാരണക്കാരായവരോട് സമാധാനം ആവശ്യപ്പെടേ ണ്ടതും അവരിൽനിന്നും വല്ല തുകയും ഈടാക്കാൻ ഉ ണ്ടെന്ന് കാണുന്ന പക്ഷം ഈടാക്കാനുള്ള നടപടി ഉടൻ നടത്തേണ്ട തുമാകുന്നു. തിരഞ്ഞെടുപ്പ് നടക്കാത്ത സിഡിഎസ്സിൽ നയപരമായ തീരുമാനങ്ങൾ ഒഴികെ, ദൈനം ദിന കാര്യങ്ങൾ മാത്രം നിലവിലുള്ള സിഡിഎസ്സുകൾക്ക് ചെയ്യാവുന്നതാണ്. മൂന്നു (3) മാസത്തിനുള്ളിൽ തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. ഇപ്രകാരം മൂന്നു (3) |

| ക്രമ നം. | വകുപ്പ്/ അനുച്ഛേദം | നിലവിലുള്ളത് | പരിഷ്കരിക്കുന്നത് / കൂട്ടിച്ചേർക്കുന്നത് |
|---|---|---|---|
| | | | മാസത്തിനുള്ളിൽ തെരഞ്ഞെടുപ്പ് നടക്കാത്തപക്ഷം ഡിഎംസി നിയോഗിക്കുന്ന ഉദ്യോഗസ്ഥ(ൻ) ദൈനംദിന ഭരണ കാര്യം നിർവ്വഹിക്കുന്നതാണ്. (2014) |
| | 16.3.17.2. | സി.ഡി.എസ്. പ്രദേശത്ത് നടപ്പാക്കേണ്ട വിവിധ കുടുംബശ്രീ പരിപാടികളെയും സി.ഡി.എസ്സിലൂടെ നടപ്പാക്കാൻ വിവിധ വകുപ്പുകളും സർക്കാർ ഏജൻസികളും തദ്ദേശഭരണ സ്ഥാപനങ്ങളും ചുമതലപ്പെടുത്തിയിട്ടുള്ള ഇതര പരിപാടികളും ഉൾപ്പെടുത്തി ഒരു വാർഷിക കർമ്മ പദ്ധതി തയ്യാറാക്കുകയും ഈ കർമ്മ പദ്ധതി ക്ഷേമകാര്യ സ്റ്റാന്റഡിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്യുക. അതത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അഭിപ്രായത്തോടു കൂടി<br>പഞ്ചായത്ത്/ നഗരസഭയുടെ 'ഭരണസമിതി മുമ്പാകെ സമർപ്പിക്കുകയും ഭരണ സമിതിയുടെ അഭിപ്രായങ്ങൾ കൂട്ടിച്ചേർത്തുകൊ ണ്ട് കർമ്മ പദ്ധതി സമയബന്ധിതമായി നടപ്പാക്കുകയും ചെയ്യണം. സ്റ്റന്റിംഗ് കമ്മിറ്റി സമർപ്പിക്കപ്പെട്ടതിനുശേഷം 30 ദിവസത്തിനുള്ളിൽ ഗ്രാമ പഞ്ചായത്ത് / നഗര കൗൺസിലിന്റെ അംഗീകാരം സംബന്ധിച്ച അഭിപ്രായം ഉണ്ട ാകുന്നില്ലെങ്കിൽ സമർപ്പിക്കപ്പെട്ട കർമ്മ പരിപാടി അംഗീകരിക്കപ്പെട്ടതായി പരിഗണിച്ച് നടപ്പാക്കാവുന്നതാണ്. (സ.ഉ. (പി) നം. 265/2008/തസ്വഭവ തീയതി 10-10-2008 പ്രകാരം പരിഷ്കരിച്ചത്.) | സി.ഡി.എസ്. പ്രദേശത്ത് നടപ്പാക്കേണ്ട വിവിധ കുടുംബശ്രീ പരിപാടികളെയും സി.ഡി.എസ്സിലൂടെ നടപ്പാക്കാൻ വിവിധ വകുപ്പുകളും സർക്കാർ ഏജൻസികളും തദ്ദേശഭരണ സ്ഥാപനങ്ങളും ചുമതലപ്പെടുത്തിയിട്ടുള്ള ഇതര പരിപാടികളും ഉൾപ്പെടുത്തി ഒരു വാർഷിക കർമ്മ പദ്ധതി തയ്യാറാക്കുകയും ഈ കർമ്മ പദ്ധതി ക്ഷേമകാര്യ സ്റ്റാന്റഡിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്യുക. അതത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അഭിപ്രായത്തോടു കൂടി<br>പഞ്ചായത്ത്/ നഗരസഭയുടെ 'ഭരണസമിതി മുമ്പാകെ സമർപ്പിക്കുകയും ഭരണ സമിതിയുടെ അഭിപ്രായങ്ങൾ കൂട്ടിച്ചേർത്തുകൊ ണ്ട് കർമ്മ പദ്ധതി സമയബന്ധിതമായി നടപ്പാക്കുകയും ചെയ്യണം. സ്റ്റന്റിംഗ് കമ്മിറ്റി സമർപ്പിക്കപ്പെട്ടതിനുശേഷം 30 ദിവസത്തിനുള്ളിൽ ഗ്രാമ പഞ്ചായത്ത് / നഗര കൗൺസിലിന്റെ അംഗീകാരം സംബന്ധിച്ച അഭിപ്രായം ഉണ്ട ാകുന്നില്ലെങ്കിൽ സമർപ്പിക്കപ്പെട്ട കർമ്മ പരിപാടി അംഗീകരിക്കപ്പെട്ടതായി പരിഗണിച്ച് നടപ്പാക്കാവുന്നതാണ്. (സ.ഉ. (പി) നം. 265/2008/തസ്വഭവ തീയതി 10-10-2008 പ്രകാരം പരിഷ്കരിച്ചത്.)<br>• കർമ്മ പദ്ധതി തയ്യാറാക്കുന്നതിനായി ജനുവരി 26-ന് ഒരു പ്രത്യേക അയൽക്കൂട്ട യോഗം വിളിച്ചു നിശ്ചിത പ്രഫോർമയിൽ അയൽക്കൂട്ട കർമ്മ പദ്ധതിയും തുടർന്ന് അവസ്ഥ പരിശോധനയും നടത്തേണ്ടതാണ്. പ്രസ്തുത കർമ്മ പദ്ധതി ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങിക്കേണ്ടതാണ്.<br>• തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മുമ്പിൽ സമർപ്പിച്ച കർമ്മ പദ്ധതിയിൽ ചുണ്ട ികാട്ടലുകളോ നിർദ്ദേശങ്ങളോ, അഭിപ്രായങ്ങളോ ഉണ്ടെങ്കിൽ ആയത് പരിശോധിച്ച് നടപടി |

| ക്രമ നം. | വകുപ്പ്/ അനുച്ഛേദം | നിലവിലുള്ളത് | പരിഷ്കരിക്കുന്നത് / കൂട്ടിച്ചേർക്കുന്നത് |
|---|---|---|---|
| | | | സ്വീകരിക്കണം, ഓരോ അംഗത്തിനും പകർപ്പ് നൽകണം. കർമ്മ പദ്ധതി സിഡിഎസ് ചെയർപേഴ്സൺ നേരിട്ട് ഭരണ സമിതി യോഗത്തിൽ അവതരിപ്പിക്കണം. കർമ്മ പദ്ധതിയുടെ കൂടെ കഴിഞ്ഞവർഷത്തെ നേട്ടവും പോരായ്മയും ഗുണഭോക്താക്കളുടെ (ആനുകൂല്യം നൽകിയവരുടെ വിവരങ്ങൾ) ഫണ്ട് ചിലവഴിച്ചതിന്റെ കണക്കും ഉൾപ്പെടുത്തണം.<br>• **നേട്ടങ്ങളുടെ പട്ടിക പ്രസിദ്ധീകരിക്കണം.**<br>സ്റ്റന്റിംഗ് കമ്മിറ്റി സമർപ്പിക്കപ്പെട്ടതിനുശേഷം 30 ദിവസത്തിനുള്ളിൽ ഗ്രാമ പഞ്ചായത്ത് / നഗര കൗൺസിലിന്റെ അംഗീകാരം സംബന്ധിച്ച അഭിപ്രായം ഉണ്ടാകുന്നില്ലെങ്കിൽ സമർപ്പിക്കപ്പെട്ട കർമ്മ പരിപാടി അംഗീകരിക്കപ്പെട്ടതായി പരിഗണിച്ച് നടപ്പാക്കാവുന്നതാണ്. (2014) |
| | 16.3.17.11 | . സി.ഡി.എസ്സിന്റെ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ചുള്ള രജിസ്ട്രേഷൻ ഒക്ടോബർ മാസത്തിനുമുമ്പ് പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. ഇതിനായി വാർഷിക ജനറൽ ബോഡി യഥാസമയം വിളിച്ചുചേർത്ത് വാർഷിക റിപ്പോർട്ടുകളും സാമ്പത്തിക റിപ്പോർട്ടും അംഗീകരിച്ച് ജില്ലാ രജിസ്ട്രാർ ഓഫീസിന് റിപ്പോർട്ട് ചെയ്യണം. | സി.ഡി.എസ്സിന്റെ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ചുള്ള രജിസ്ട്രേഷൻ ഒക്ടോബർ മാസത്തിനുമുമ്പ് പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. ഇതിനായി വാർഷിക ജനറൽ ബോഡി യഥാസമയം വിളിച്ചുചേർത്ത് വാർഷിക റിപ്പോർട്ടുകളും സാമ്പത്തിക റിപ്പോർട്ടും അംഗീകരിച്ച് ജില്ലാ രജിസ്ട്രാർ ഓഫീസിന് റിപ്പോർട്ട് ചെയ്യണം. സിഡിഎസ് അഫിലിയേഷൻ പുതുക്കുന്നതിന് ജില്ലാ മിഷൻ ഒരു ആർപിയുടെ സേവനം സിഡിഎസ്സുകൾക്ക് അനുവദിക്കാവുന്നതാണ്. |
| | 16.3.17.12 | സി.ഡി.എസ് ത്രിതല സംവിധാനത്തിന് എല്ലാ തലത്തിലുമുള്ള പുതിയ ഭരണസമിതി തെരഞ്ഞെടുപ്പ് മൂന്നുവർഷത്തിലൊരിക്കൽ നവംബർ മാസത്തിൽ തന്നെ നടക്കുമെന്ന് ഉറപ്പാക്കണം. ഏതെങ്കിലും കാരണവശാൽ ഏതെങ്കിലും ഘടകത്തിന്റെ തെരഞ്ഞെടുപ്പ് നവംബർ മാസത്തിൽ നടത്താൻ കഴിഞ്ഞില്ലെങ്കിൽ ഉടനെ നടത്തുവാനുള്ള നടപടികൾ സ്വീകരിക്കണം. | സി.ഡി.എസ് ത്രിതല സംവിധാനത്തിന് എല്ലാ തലത്തിലുമുള്ള പുതിയ ഭരണസമിതി തെരഞ്ഞെടുപ്പ് മൂന്നുവർഷത്തിലൊരിക്കൽ ഡിസംബർ മാസത്തിൽ തന്നെ നടക്കുമെന്ന് ഉറപ്പാക്കണം. ഏതെങ്കിലും കാരണവശാൽ ഏതെങ്കിലും ഘടകത്തിന്റെ തെരഞ്ഞെടുപ്പ് ഡിസംബർ മാസത്തിൽ നടത്താൻ കഴിഞ്ഞില്ലെങ്കിൽ ഉടനെ നടത്തുവാനുള്ള നടപടികൾ സ്വീകരിക്കണം.<br>അയൽക്കൂട്ട അംഗങ്ങളുടെ വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യണം. അംഗങ്ങളുടെ മുഴുവൻ വിവരങ്ങളും അയൽക്കൂട്ടം, എഡിഎസ്, സിഡിഎസ്, ജില്ലാ മിഷൻ, സംസ്ഥാന മിഷൻ, സർക്കാരുകൾ എന്നിവരുമായുള്ള സംയോജന സാധ്യതകൾ ഉൾപ്പെടുത്തി വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി സേവന സൗകര്യം |

| ക്രമ നം. | വകുപ്പ്/ അനുച്ഛേദം | നിലവിലുള്ളത് | പരിഷ്കരിക്കുന്നത് / കൂട്ടിച്ചേർക്കുന്നത് |
|---|---|---|---|
| | | | ഉണ്ട ാക്കുക. |
| | 16.3.17.17 | 'സ്വയം തൊഴിൽ സംരംഭ' വികസനത്തിന് ആവശ്യമായ ആക്ടിവിറ്റി ഗ്രൂപ്പുകൾ രജിസ്റ്റർ ചെയ്യാനും പരിശീലിപ്പിക്കാനുമുള്ള നടപടികൾ സ്വീകരിക്കണം. | സ്വയം തൊഴിൽ സംരംഭ' വികസനത്തിന് ആവശ്യമായ ആക്ടിവിറ്റി ഗ്രൂപ്പുകൾ രജിസ്റ്റർ ചെയ്യാനും പരിശീലിപ്പിക്കാനുമുള്ള നടപടികൾ സ്വീകരിക്കണം. സാങ്കേതിക പൂൾ ഗ്രൂപ്പ് ഉണ്ട ാക്കാൻ സിഡിഎസ്സുകൾ പ്രതിവർഷം സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ളവരുടെ പട്ടിക ഡിഎംസിക്ക് നൽകണം. ഡിഎംസി പട്ടിക ക്രോഡീകരിച്ച് സ്റ്റേറ്റ് മിഷനിൽ നൽകണം. ക്യാമ്പെയിൻ മാതൃകയിൽ എല്ലാ അയൽക്കൂട്ടങ്ങളിലും പട്ടിക തയ്യാറാക്കുന്നതിനെപ്പറ്റി സന്ദേശം എത്തിക്കേണ്ട താണ്. |
| | 16.4.2. | വിലയിരുത്തൽ സമിതിയുടെ സെക്രട്ടറി, സി.ഡി.എസ്. ചെയർപേഴ്സണും കൺവീനർ മെമ്പർ സെക്രട്ടറിയും ആയിരിക്കുന്നതാണ്. ഒന്നിൽ കൂടുതൽ സി.ഡിഎസ്സ് ഉള്ള നഗര സഭകളിൽ നഗരസഭാസമിതിയുടെ തീരുമാനത്തിന് അനുസരണമായിട്ടാണ് സെക്രട്ടറിയേയും കൺവീനറെയും നിശ്ചയിക്കേണ്ടത് രണ്ട ാമത്തെയാൾ യഥാക്രമം അഡീഷണൽ സെക്രട്ടറിയും അഡീഷണൽ കൺവീനറും ആയിരിക്കുന്നതാണ്. | വിലയിരുത്തൽ സമിതിയുടെ സെക്രട്ടറി, സി.ഡി.എസ്. ചെയർപേഴ്സണും കൺവീനർ മെമ്പർ സെക്രട്ടറിയും ആയിരിക്കുന്നതാണ്. ഒന്നിൽ കൂടുതൽ സി.ഡിഎസ്സ് ഉള്ള നഗര സഭകളിൽ നഗരസഭാസമിതിയുടെ തീരുമാനത്തിന് അനുസരണമായിട്ടാണ് സെക്രട്ടറിയേയും കൺവീനറെയും നിശ്ചയിക്കേണ്ടത് രണ്ട ാമത്തെയാൾ യഥാക്രമം അഡീഷണൽ സെക്രട്ടറിയും അഡീഷണൽ കൺവീനറും ആയിരിക്കുന്നതാണ്.<br><br>16.4.2.1. വിലയിരുത്തൽ സമിതി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് താഴെപറയുന്നവരെ ഉൾപ്പെടുത്തി വിലയിരുത്തൽ കോർ കമ്മിറ്റി രൂപീകരിക്കുന്നതാണ്.<br><br>അംഗങ്ങൾ:-<br><br>1) തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷ(ൻ)<br><br>2) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ<br><br>3) സിഡിഎസ് ചെയർപേഴ്സൺ<br><br>4) മെമ്പർ സെക്രട്ടറി<br><br>5) ബാങ്ക് പ്രതിനിധി (സിഡിഎസ്സിനെ ഏറ്റവും കൂടുതൽ സഹായിക്കുന്ന ബാങ്കിന്റെ പ്രതിനിധി) |

| ക്രമ നം. | വകുപ്പ്/ അനുച്ഛേദം | നിലവിലുള്ളത് | പരിഷ്കരിക്കുന്നത് / കൂട്ടിച്ചേർക്കുന്നത് |
|---|---|---|---|
| | | | കോർ കമ്മിറ്റി മാസത്തിലൊരിക്കലും, വിലയിരുത്തൽ സമിതി മൂന്നു മാസത്തിലൊരിക്കലും യോഗം ചേരണം. യോഗം വിളിച്ചുകൂടുന്നതിനുള്ള ഉത്തരവാദിത്വം സിഡിഎസ് ചെയർപേഴ്സനിൽ നിക്ഷിപ്തമാണ്. ഇതിനുള്ള തീയതി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷനുമായി ആലോചിച്ച് നിശ്ചയിക്കേണ്ട താണ്. |
| | **18.** | **സൂക്ഷിക്കേണ്ട രേഖകളും രജിസ്റ്ററുകളും**<br>18.3. സിഡിഎസ് (കൂട്ടിച്ചേർക്കുന്നത്) | 18.3. സി.ഡി.എസ്.<br>1. സി.ഡി.എസ് ബൈലോകളുടേയും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെയും രജിസ്ട്രേഷൻ പുതുക്കലിന്റേയും ഫയൽ<br>2. മിനിട്ട്സ് ബുക്ക്, റിപ്പോർട്ട് ബുക്ക്<br>3. പ്രവേശന രജിസ്റ്റർ/അഫിലിയേഷൻ രജിസ്റ്റർ<br>4. രസീതു ബുക്കുകൾ കൗണ്ടർ ഫോയിലുകൾ<br>5. വൗച്ചർ ഫയൽ<br>6. ക്യാഷ് ബുക്ക്<br>7. ജനറൽ ലഡ്ജർ<br>8. സ്റ്റോക്ക് രജിസ്റ്റർ<br>9. സമിതിവക മുതലുകളുടെ രജിസ്റ്റർ<br>10. പാസ്സ് ബുക്കുകളും ചെക്കുബുക്കുകളും<br>11. നിക്ഷേപങ്ങളുടെ രജിസ്റ്റർ<br>12. വരവുചെലവു സ്റ്റേറ്റ്മെന്റുകൾ, ആഡിറ്റ് രേഖകൾ എന്നിവ ഉൾപ്പെടുന്ന ഫയൽ<br>13. നോട്ടീസ് ബുക്ക്<br>14. ജനറൽ ബോഡി അംഗങ്ങളുടേയും ഔദ്യോഗിക ഭാരവാഹികളുടെയും രജിസ്റ്റർ<br>15. അയൽക്കൂട്ടങ്ങളുടെ പ്രതിമാസ ലഘു സമ്പാദ്യ-വായ്പാ കണക്കുകളുടെ ക്രോഡീകൃത രജിസ്റ്റർ<br>16. സംരംഭങ്ങളുടെ രജിസ്റ്റർ<br>17. സമിതിയ്ക്ക് അവശ്യം വേണ്ടതായ മറ്റു ഫയലുകൾ<br>18. വിട്ടുപോയ അംഗങ്ങളെ കുറിച്ചുള്ള രജിസ്റ്റർ |

| ക്രമ നം. | വകുപ്പ്/ അനുച്ഛേദം | നിലവിലുള്ളത് | പരിഷ്കരിക്കുന്നത് / കൂട്ടിച്ചേർക്കുന്നത് |
|---|---|---|---|
| | | | 19. അജണ്ട ബുക്ക്,<br>20. തീരുമാന രജിസ്റ്റർ, മിനിട്സ്<br>21. അധികാര കൈമാറ്റ രജിസ്റ്റർ |
| | 20 | **കുറ്റക്കാരായ അംഗങ്ങൾ അന്യരെപ്പോലെ ശിക്ഷാർഹരാണ്**<br>സി.ഡി.എസ് 'ഭരണ സമിതിയിൽപ്പെട്ടവരായാലുംശരി മറ്റംഗങ്ങളായിരുന്നാലുംശരി സി.ഡി.എസ് വക മുതലുകളും തുകകളും കൈകാര്യം ചെയ്യുന്ന വ്യക്തിയാണെങ്കിലും ശരി, സി.ഡി.എസ് വക ധനമോ മറ്റു വകകൾ ഏതെങ്കിലും നഷ്ടപ്പെടുത്തുകയോ, മോഷ്ടിക്കുകയോ, അപഹരിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും സ്വത്ത് മനഃപ്പൂർവ്വം ദ്രോഹബുദ്ധിയോടുകൂടി നശിപ്പിക്കുകയോ കേടുവരുത്തുകയോസി.ഡി.എസ്സിന് ധനനഷ്ടം നേരിടത്തക്കവണ്ണം ഏതെങ്കിലും പ്രമാണമോ, കൈച്ചീട്ടോ, പാട്ടത്തിനുള്ള ഈടോ, രസീതോ മറ്റു വല്ല രേഖകളോ വ്യാജമായി നിർമ്മിക്കുകയോചെയ്താൽ സി.ഡി.എസിലെ ഏതൊരു അംഗവും, ഒദ്യോഗിക-അനൗദ്യോഗിക അംഗങ്ങളും പ്രോസിക്യൂഷന് വിധേയരാകുന്നതും ശിക്ഷിക്കപ്പെടുന്നതുമാകുന്നു. | 20. **കുറ്റക്കാരായ അംഗങ്ങൾ അന്യരെപ്പോലെ ശിക്ഷാർഹരാണ്**<br>20.1. സി.ഡി.എസ്. ത്രിതല ഭരണ സമിതികളിൽ ഉൾപ്പെട്ടവരോ, മറ്റംഗങ്ങളോ, സിഡിഎസ് വക മുതലുകളും കൈകാര്യം ചെയ്യുന്ന മുറ്റു വ്യക്തികളോ, സിഡിഎസ് ത്രിതല ത്രിതല സംവിധാനങ്ങളുടെ വകയായിട്ടുള്ള ധനമോ മറ്റു വകകൾ ഏതെങ്കിലുമോ നഷ്ടപ്പെടുത്തുകയോ, മോഷ്ടിക്കുകയോ, അപഹരിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും സ്വത്ത് മനപ്പൂർവ്വംദ്രോഹബുദ്ധിയോടുകൂടി നശിപ്പിക്കുകയോ കേടുവരുത്തുകയോ സി.ഡി.എസ്സ് ത്രിതല സംവിധാനങ്ങൾക്ക് ഏതിനെങ്കിലും ധനനഷ്ടം നേരിടത്തക്കവണ്ണം ഏതെങ്കിലും പ്രമാണമോ, കൈച്ചീട്ടോ, പാട്ടത്തിനുള്ള ഈടോ, രസീതോ മറ്റു വല്ല രേഖകളോ വ്യാജമായി നിർമ്മിക്കുകയോ ചെയ്താൽ സി.ഡി.എസ് ത്രിതല സംവിധാനത്തിലെ ഏതൊരു അംഗവും, ഒദ്യോഗിക-അനൗദ്യോഗിക അംഗങ്ങളും പ്രോസിക്യൂഷന് വിധേയരാകുന്നതും ശിക്ഷിക്കപ്പെടുന്നതുമാകുന്നു. (സ.ഉ.(പി) നം. 170/2014/തസ്വഭവ തീയതി 07/10/2014)<br>സാമ്പത്തിക ക്രമക്കേടു കാട്ടുന്ന അയൽക്കൂട്ടത്തിനോ, അയൽക്കൂട്ട അംഗത്തിനോ എതിരെ നോട്ടീസ്, തെളിവെടുപ്പ്, തീരുമാനം എന്നിവ ക്രമം പാലിച്ച് നടപ്പാക്കേണ്ട താണ്. ഇതു വിഷയത്തിൽ ഡിഎംസി, എഡിഎംസി (സംഘടന), ആരോപണ വിധേയമായ അയൽക്കൂട്ടമുള്ള പഞ്ചായത്തിലെ മെമ്പർ സെക്രട്ടറി എന്നിവരടങ്ങുന്ന ഒരു അപ്പീൽ കമ്മിറ്റി രൂപീകരിക്കേണ്ട താണ്.<br>കുടുംബശ്രീ പ്രവർത്തകർക്കെതിരെ സാമ്പത്തിക ആരോപണം സംബന്ധിച്ചോ മറ്റോ പരാതി നൽകേ ണ്ടത് മെമ്പർ സെക്രട്ടറിക്കാണ്. പരാതി രേഖാമൂലം ലഭിച്ചാൽ ആർക്കെതിരെയാണോ പരാതി ഉണ്ട ായത് അവർക്ക് 15 ദിവസത്തെ സമയം നൽകി വിശദീകരണം ആവശ്യപ്പെടണം. കഴമ്പുള്ള പരാതിയിൽ തെളിവെടുപ്പ്, രേഖകൾ പരിശോധന, |

| ക്രമ നം. | വകുപ്പ്/ അനുച്ഛേദം | നിലവിലുള്ളത് | പരിഷ്കരിക്കുന്നത് / കൂട്ടിച്ചേർക്കുന്നത് |
|---|---|---|---|
| | | | മൊഴിയെടുപ്പ് എന്നിവയ്ക്കു ശേഷം കുറ്റാരോപണ മെമ്മോ തയ്യാറാക്കി നൽകേണ്ടതും, തുടർന്ന് സാമ്പത്തിക ക്രമക്കേടുള്ള പരാതിയിൽ തുക തിരികെ കിട്ടുന്നതിനുള്ള റവന്യൂ റിക്കവറി, പ്രോസിക്യൂഷൻ നടപടി എന്നിവ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത കാര്യത്തിന്മേൽ അപ്പീൽ നടപടിക്കായി ജില്ലാ മിഷൻ കോ–ഓർഡിനേറ്ററെ സമീപിക്കാവുന്നതാണ്.<br>സാമ്പത്തിക ക്രമക്കേടു കാട്ടുന്ന എ.ഡി.എസ്/ സി.ഡി.എസ് അംഗത്തെ നീക്കം ചെയ്യുന്നതിന് / സസ്പെന്റു ചെയ്യുന്നതിനുള്ള നടപടി ക്രമം ചുവടെ ചേർക്കുന്ന സാഹചര്യങ്ങൾ സാമ്പത്തിക ക്രമക്കേടുകളായി പരിഗണിക്കേണ്ട താണ്<br>a. സിഡിഎസ്/എഡിഎസ് ഭരണസമിതിയുടെ അനുമതിയില്ലാതെ പണം പിൻവലിച്ച് കൈവശം വയ്ക്കുക<br>b. ആയൽക്കൂട്ടം/ഗുണഭോക്താക്കൾക്ക് നൽകേണ്ട സാമ്പത്തിക സഹായം വകമാറ്റി ചെലഴിക്കുക, മറ്റ് സ്വകാര്യ ആവശ്യങ്ങൾക്ക് വിനിയോഗിക്കുക സിഡിഎസ്/എഡിഎസ് അംഗത്തിനെതിരെയുള്ള സാമ്പത്തിക ക്രമക്കേട്, പരാതിയുടെ<br>നിജസ്ഥിതി ഉറപ്പുവരുത്തു ന്നതിനായി ആരോപണ വിധേയമായ/പരാതിക്ക് ആധാരമായ അക്കൌണ്ടുകളും, ട്രാൻസാക്ഷനുകളും, രജിസ്റ്ററുകളും, രേഖകളും, കാസ് യൂണിറ്റിനെ കൊണ്ട് സിഡിഎസ് കമ്മറ്റി വിശദമായ ഓഡിറ്റിന് വിധേയമാക്കണം. കാസ് യൂണിറ്റിന്റെ റിപ്പോർട്ട് ലഭിച്ചാൽ ജില്ലാമിഷൻ നിയോഗിക്കുന്ന ഒരു ഉദ്യോസ്ഥ(ൻ) പ്രസ്തുത റിപ്പോർട്ട് ഒന്നു കൂടി സൂക്ഷ്മ പരിശോധന നടത്തണം. ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ നിയോഗിക്കുന്ന പ്രത്യേക അന്വേഷണ ഉദ്യോഗസ്ഥന്റേയോ/കമ്മറ്റിയുടേയോ, വിജിലൻസിന്റേയോ അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്നതുവരെ സാമ്പത്തിക ക്രമക്കേട് കാട്ടി എന്ന് പ്രഥമദൃഷ്ട്യാ തെളിഞ്ഞിട്ടുള്ള അംഗത്തെ/അംഗങ്ങളെ സസ്പെന്റ് ചെയ്യേണ്ട താണ്. തുടർന്ന് അന്തിമ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ സാമ്പത്തിക ക്രമക്കേട് വസ്തുനിഷ്ഠമാണെന്ന് തെളിഞ്ഞാൽ പ്രസ്തുത അംഗത്തെ/അംഗങ്ങളെ തൽസ്ഥാനത്തു നിന്നും നീക്കം ചെയ്യേണ്ട താണ്. എന്നാൽ |

| ക്രമ നം. | വകുപ്പ്/ അനുച്ഛേദം | നിലവിലുള്ളത് | പരിഷ്കരിക്കുന്നത് / കൂട്ടിച്ചേർക്കുന്നത് |
|---|---|---|---|
| | | | അന്തിമ റിപ്പോർട്ട് പ്രകാരം പ്രസ്തുത അംഗം കുറ്റക്കാരിയല്ലെന്ന് തെളിഞ്ഞാൽ പദവിയിൽ തിരികെ പ്രവേശിപ്പിക്കേണ്ടതാണ്.<br>നീക്കം ചെയ്ത എക്സിക്യൂട്ടീവ് അംഗങ്ങളുടെ ചാർജ്ജ് നിർവ്വഹണത്തിനുള്ള ക്രമീകരണം:<br>1. സിഡിഎസ് ചെയർപേഴ്സൻ സസ്പെൻഷനിലാകുന്ന പക്ഷം പ്രസ്തുത സസ്പെൻഷൻ കാലയളവിൽ സിഡിഎസ് ചെയർപേഴ്സന്റെ താൽക്കാലിക ചുമതല നിർവ്വഹിക്കുന്ന തിന് സിഡിഎസ് വൈസ് ചെയർപേഴ്സനെ സിഡിഎസ് ഭരണസമിതി ചുമതലപ്പെടുത്തേണ്ടതാണ്.<br>2. എഡിഎസ് സെക്രട്ടറി സസ്പെൻഷനിലാകു ന്ന പക്ഷം പ്രസ്തുത സസ്പെൻഷൻ കാലയളവിൽ എഡിഎസ് സെക്രട്ടറിയുടെ താൽക്കാലിക ചുമതല നിർവ്വഹിക്കു ന്നതിന് എഡിഎസ് പ്രസിഡന്റിനെ എഡിഎസ് ഭരണസമിതി ചുമതലപ്പെടുത്തേണ്ട താണ്.<br>3. എന്നാൽ അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രമക്കേട് കാട്ടിയ അംഗത്തെ തൽസ്ഥാനത്ത് നിന്ന് നീക്കം ചെയ്യുന്ന തിലൂടെ സിഡിഎസ് ചെയർപേഴ്സൻ/വൈസ്ചെയർപേഴ്സ ൺ / സിഡിഎസ് ഭരണസമിതി അംഗം, എഡിഎസ് സെക്രട്ടറി/പ്രസിഡന്റ് എന്നീ സ്ഥാനങ്ങളിലേക്ക് ഉ ണ്ടാകു ന്ന ഒഴിവുകൾ ഉപതെരഞ്ഞെടുപ്പിലൂടെ നികത്തുതിനുള്ള അടിയന്തിര തുടർ നടപടി മെമ്പർ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.<br>4. സസ്പെൻഷനിലായ സിഡിഎസ് അംഗം പ്രതിനിധാനം ചെയ്യു എഡിഎസിൽ നിന്നും ഒരംഗത്തെ സിഡിഎസ് ഭരണസമിതിയിലേക്ക് താൽക്കാലികമായി നിയോഗിക്കാവു ന്നതാണ്<br>20.1.1. ധനനഷ്ടം ഉണ്ട ാക്കുന്നു എന്ന് സംശയിക്കുന്ന അംഗത്തിനെതിരെ പ്രാഥമിക അന്വേഷണം നടത്തി, ആയതു ശരിയാണ് എന്നു തെളിയിക്കത്തക്ക സാഹചര്യം നിലനിൽക്കുന്ന വിഷയങ്ങളിൽ അത്തരം അംഗത്തെ തൽസ്ഥാനത്തു നിന്നും മാറ്റി നിർത്തി വിശദമായ അന്വേഷണം നടത്തി നഷ്ടോത്തരവാദിത്വ തുക അയാളിൽ നിന്നും ഈടാക്കിയ ശേഷം ആവശ്യമെങ്കിൽ മാത്രം സമിതിയിൽ ഉൾപ്പെടുത്തിയാൽ മതിയാകുന്നതാണ്. (സ.ഉ. |

| ക്രമ നം. | വകുപ്പ്/ അനുച്ഛേദം | നിലവിലുള്ളത് | പരിഷ്കരിക്കുന്നത് / കൂട്ടിച്ചേർക്കുന്നത് |
|---|---|---|---|
| | | | (പി) നം. 170/2014/തസ്വഭവ തീയതി 07/10/2014)<br>20.1.2. നഷ്ടോത്തരവാദിത്വത്തിന് ഉത്തരവാദിയാകാമെന്നു സംശയിക്കപ്പെടുന്ന സിഡിഎസ് ത്രിതല സംഘടനാ സംവിധാനത്തിലെ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതോ അല്ലാത്തതോ ആയ അംഗത്തിനെതിരെയുള്ള നടപടിക്കായി സ്വീകരിക്കാവുന്ന നടപടിക്രമം:<br>1. ത്രിതല സംഘടനാ സംവിധാനത്തിലെ ഏതൊരു കമ്മിറ്റിയും സ്വയമേവയോ രേഖാമൂലമുള്ള മറ്റു പരാതികളിന്മേലോ കമ്മിറ്റിയിലെയോ പൊതുസഭയിലെയോ ഒരു അംഗത്തിനേതിരേയോ ഒരു കൂട്ടം അംഗങ്ങൾക്കെതിരേയോ സാമ്പത്തികം ഉൾപ്പെടെയുള്ള ക്രമക്കേടുകളും തെറ്റുകുറ്റങ്ങളും ഉന്നയിക്കാവുന്നതാണ്.<br>2. കുടുംബശ്രീ സിഡിഎസ് ത്രിതല സംഘടനാ സംവിധാനങ്ങളിൽ നിന്നോ അംഗങ്ങളിൽ നിന്നോ ഉള്ള പരാതികളും പ്രമേയങ്ങളും കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്കാണ് സമർപ്പിക്കേത്. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തനിക്കു ലഭ്യമാകുന്ന അത്തരംപരാതികൾ ഉടനെതന്നെ ബന്ധപ്പെട്ട വസ്തുതാന്വേഷണ സമിതിക്ക് കൈമാറേണ്ട താണ്.<br>3. (എ) അയൽക്കൂട്ട വസ്തുതാന്വേഷണ സമിതി: കുടുംബശ്രീ അയൽക്കൂട്ടത്തിലെ അംഗത്തിനോ അംഗങ്ങൾക്കോ എതിരായിട്ടാണ് ആരോപണമെങ്കിൽ അയൽക്കൂട്ടത്തിന്റെ ഉപരികമ്മിറ്റിയായ ഏരിയാ ഡവലപ്മെന്റ് സൈസൊറ്റി (എഡിഎസ്)യുടെ ചെയർപേഴ്സൺ, സെക്രട്ടറി എന്നിവരെ കൂടാതെ എഡിഎസ് എക്സിക്യൂട്ടീവ് കമ്മിറ്റി നിയോഗിക്കുന്ന മറ്റൊരു എക്സിക്യൂട്ടീവ് കമ്മിറ്റി അംഗവും കൂടി ഉൾപ്പെടുന്ന മൂന്നംഗസമിതി ആയിരിക്കും അയൽക്കൂട്ട വസ്തുതാന്വേഷണ സമിതി. ഈ സമിതിയുടെ കൺവീനർ ചെയർപേഴ്സൺ ആയിരിക്കും. ഈ സമിതിയുടെ അപ്പലേറ്റ് സമിതിയായി എഡിഎസ് വസ്തുതാ അന്വേഷണ സമിതി പ്രവർത്തിക്കേണ്ട താണ്.<br>(ബി) എഡിഎസ് വസ്തുതാന്വേഷണ സമിതി: എഡിഎസ്സിനുള്ളിലെ |

| ക്രമ നം. | വകുപ്പ്/ അനുച്ഛേദം | നിലവിലുള്ളത് | പരിഷ്കരിക്കുന്നത് / കൂട്ടിച്ചേർക്കുന്നത് |
|---|---|---|---|
| | | | അംഗത്തിനോ അംഗങ്ങൾക്കോ എതിരായിട്ടാണ് ആരോപണമെങ്കിൽ എഡിഎസ്സിന്റെ ഉപരിസമിതിയായ കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റിയുടെ (സിഡിഎസ്) ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, എന്നിവരെ കൂടാതെ സിഡിഎസ് എക്സിക്യൂട്ടീവ് കമ്മിറ്റി നിയോഗിക്കുന്ന മറ്റൊരു അംഗവും കൂടി ഉൾപ്പെടുന്ന മൂന്നംഗ സമിതിയായിരിക്കും എഡിഎസ് വസ്തുതാന്വേഷണ സമിതി. ഈ സമിതിയുടെ കൺവീനർ സിഡിഎസ് ചെയർപേഴ്സൺ ആയിരിക്കും. ഈ സമിതിയുടെ അപ്പലേറ്റ് സമിതിയായി സിഡിഎസ് വസ്തുതാ അന്വേഷണ സമിതി പ്രവർത്തിക്കേണ്ട താണ്.<br>സി) സിഡിഎസ് വസ്തുതാന്വേഷണ സമിതി: കുടുംബശ്രീ സിഡിഎസ് അംഗത്തിനോ അംഗങ്ങൾക്കോ എതിരായിട്ടാണ് ആരോപണമെങ്കിൽ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, അദ്ദേഹം നിയോഗിക്കുന്ന രണ്ട് എഡിഎംസിമാർ അംഗങ്ങളുമായി ഉൾപ്പെടുന്ന മൂന്നംഗ സമിതി ആയിരിക്കും സിഡിഎസ് വസ്തുതാ അന്വേഷണ സമിതി. ഈ സമിതിയുടെ കൺവീനർ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തന്നെ ആയിരിക്കുന്നതാണ്. ഈ സമിതിയുടെ അപ്പലേറ്റ് അധികാരിയായി സംസ്ഥാന മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പ്രവർത്തിക്കേണ്ട താണ്.<br>ഡി) സിഡിഎസ് തല പരാതിപരിഹാര സമിതി നിലവിൽ വരുന്ന മുറയ്ക്ക് 3(എ),(ബി),(സി) എന്നിവയിൽ പറയുന്ന ചുമതലകൾ എല്ലാം പ്രസ്തുത സമിതിയിൽ നിക്ഷിപ്തമാകുന്നതാണ്.<br>4. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ മുഖേന വസ്തുതാ അന്വേഷണ സമിതിക്കു ലഭിക്കുന്ന പരാതിയെക്കുറിച്ച് ആവശ്യമായ തെളിവെടുപ്പുകൾ, ബന്ധപ്പെട്ട കമ്മിറ്റികൾ / യോഗങ്ങൾ വിളിച്ചു ചേർത്തും ആരോപണവിധേയരെ നേരിൽ കണ്ടു സംസാരിച്ചും ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും തെളിവെടുപ്പു പൂർത്തിയാക്കി രണ്ട ാഴ്ചയ്ക്കം തന്നെ വസ്തുതാനവരണ റിപ്പോർട്ട് തയ്യാറാക്കേണ്ട താണ്. വസ്തുതാനവരണ റിപ്പോർട്ടിൽ നഷ്ടോത്തരവാദിത്വ തുക |

| ക്രമ നം. | വകുപ്പ്/ അനുച്ഛേദം | നിലവിലുള്ളത് | പരിഷ്കരിക്കുന്നത് / കൂട്ടിച്ചേർക്കുന്നത് |
|---|---|---|---|
| | | | എത്രയെന്ന് വ്യക്തമാക്കിയിരിക്കണം. നഷ്ടപ്പെട്ടതായി കണക്കാക്കപ്പെടുന്ന തുകയും ക്രമ പലിശയും പിഴപലിശയും അടക്കമുള്ള തുകയായിരിക്കണം നഷ്ടോത്തരവാദിത്വ തുക. നഷ്ടോത്തരവാദിത്വം തെളിയിക്കപ്പെടുകയാണെങ്കിൽ അതിനുത്തരവാദിയാവർ, അവർ വഹിക്കുന്ന ഔദ്യോഗിക പദവിയിൽ നിന്നും സസ്പെൻഡു ചെയ്യപ്പെടുന്നതടക്കമുള്ള നടപടികൾക്ക് ശുപാർശ ചെയ്യാവുന്നതും തെളിവില്ലായെങ്കിൽ അതിനനുസൃതമായി കുറ്റവിമുക്തമാക്കുന്നതുമായ റിപ്പോർട്ട് തയ്യാറാക്കേണ്ട തും ഡിഎംസിക്ക് സമർപ്പിക്കേണ്ടതുമാണ്.<br>5. ഡിഎംസിക്കു ലഭിക്കുന്ന വസ്തുതാനവരണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഉത്തരവ് ബന്ധപ്പെട്ട സിഡിഎസ് മെമ്പർ സെക്രട്ടറിക്ക് തുടർനടപടികൾക്കും മറ്റു സംഘടനാപരമായ ക്രമീകരണങ്ങൾക്കുമായി നൽകേണ്ട തുമാണ്. മെമ്പർ സെക്രട്ടറിക്കു നൽകുന്ന ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട കക്ഷികൾക്കും ലഭ്യമാക്കേണ്ട താണ്.<br>6. പരാതിക്കാർക്കും നടപടിക്കു വിധേയരാകുന്നവർക്കും ബന്ധപ്പെട്ട അപ്പലേറ്റ് അതോറിറ്റിക്കുള്ള അപ്പീൽ ഡിഎംസിയുടെ ഉത്തരവ് ലഭിച്ച് അഞ്ചുദിവസത്തിനുള്ളിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ മുഖാന്തിരം സമർപ്പിക്കാവുന്നതാണ്. അപ്പലേറ്റ് അധികൃതരുടെ തീർപ്പ് അന്തിമായിരിക്കുന്നതാണ്. അപ്പീൽ യഥാസമയം യഥാക്രമത്തിലാണെന്ന് ഡിഎംസിക്കു ബോധ്യപ്പെട്ടാൽ ഉടനെ ബന്ധപ്പെട്ട മെമ്പർ സെക്രട്ടറിയോട് ഡിഎംസിയുടെ ഉത്തരവിലൂടെ ആവശ്യപ്പെട്ട മേൽനടപടികൾ, അപ്പലേറ്റ് അധികൃതരുടെ തീർപ്പ് വരുന്നതുവരെ നിർത്തിവയ്ക്കുവാനും (സ്റ്റേ ചെയ്യുവാനും) ആവശ്യപ്പെടേണ്ട താണ്. (സ.ഉ.(പി) നം. 170/2014/തസ്വഭവ തീയതി 07/10/2014)<br>20.3. കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിലെ തിരഞ്ഞെടുക്കപ്പെട്ട കമ്മിറ്റികൾ/സമിതികൾ/ ഔദ്യോഗിക ഭാരവാഹികൾ എന്നിവയ്ക്കെതിരെ ഭരണ സ്തംഭനം ആരോപിച്ചുള്ള പരാതി പരിഹാര നടപടികൾ (ഗ്രീവൻസസ്സ് റിട്രസെൽ) |

| ക്രമ നം. | വകുപ്പ്/ അനുച്ഛേദം | നിലവിലുള്ളത് | പരിഷ്കരിക്കുന്നത് / കൂട്ടിച്ചേർക്കുന്നത് |
|---|---|---|---|
| | | | 1) തിരഞ്ഞെടുക്കപ്പെട്ട സമിതികൾ, കമ്മിറ്റികൾ, ഔദ്യോഗിക ഭാരവാഹികൾ എന്നിവർ ഈ ബൈലോ വ്യവസ്ഥകൾക്കും സംഘടനാ ചിട്ടകൾക്കും നല്ലകീഴ് വഴക്കങ്ങൾക്കും ജനാധിപത്യ മൂല്യങ്ങൾക്കും വിരുദ്ധമായിട്ടുള്ള (നിഷേധാത്മകമായ) സമീപനം സ്വീകരിക്കുന്നതിന്റെ ഫലമായി സിഡിഎസ് ത്രിതല സംവിധാനങ്ങളുടെ സാധാരണ ദൈനംദിന പ്രവർത്തനങ്ങളെപ്പോലും പ്രതികൂലമായി ബാധിക്കുന്ന തരത്തിലുള്ള ഭരണസ്തംഭനം ഉണ്ടായിരിക്കുന്നതായി മറ്റു ബന്ധപ്പെട്ട അംഗങ്ങളിൽ നിന്ന് രേഖാമൂലം പരാതി ലഭിക്കുന്ന പക്ഷം പരാതി പരിഹാര നടപടികൾ സ്വീകരിക്കേണ്ട താണ്.<br>2) പരാതി, ഏതു തലത്തിലുള്ളവർക്ക് ഏതിരായിട്ടാണെങ്കിലും, ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് സമർപ്പിക്കേണ്ട താണ്.<br>3) ജില്ലാ മിഷൻ നിയോഗിക്കുന്ന പ്രതിനിധി ബന്ധപ്പെട്ട കക്ഷികളെ നേരിൽ കണ്ടും ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും വിശദമായ തെളിവെടുപ്പുകളുടെ അടിസ്ഥാനത്തിൽ ഒരു വസ്തുത അനാവരണ റിപ്പോർട്ട് തയ്യാറാക്കേണ്ട താണ്. ഏതെങ്കിലും കമ്മിറ്റിക്ക്/സമിതിക്ക് ഏതിരായി മൊത്തിലാണ് പരാതിയെങ്കിൽ ആ കമ്മിറ്റി വിളിച്ചു ചേർത്ത് വിവരശേഖരണം നടത്തുന്നതിന്റെ അടിസ്ഥാനത്തിലും കൂടി ആകണം റിപ്പോർട്ട് തയ്യാറാക്കൽ<br>4) നിലവിലുള്ള കമ്മിറ്റിയോ ഔദ്യോഗിക ഭാരവാഹികളോ ആരെങ്കിലും തനിച്ചോ കൂട്ടായോ നിക്ഷേധാത്മകമായ സമീപനം സ്വീകരിച്ചിരിക്കുന്നതിന്റെ ഫലമായി ഭരണ സ്തംഭനം ഉണ്ടാകുന്നതായി കണ്ടെത്തിയാൽ അതിനനുസൃതമായും അല്ലെങ്കിൽ മറിച്ചുമുള്ള സമീപനം വസ്തുതാ അനാവരണ റിപ്പോർട്ടിൽ ഉൾപ്പെട്ടിരിക്കേണ്ട താണ്.<br>5) പരാതി ലഭിച്ച് 15 ദിവസത്തിനകം ഡിഎംസി ഒപ്പു വച്ച വസ്തുത അനാവരണ റിപ്പോർട്ട് തയ്യാറാകേണ്ട താണ്.<br>6) ആരോപണ വിധേയരായ കമ്മിറ്റി/ഔദ്യോഗിക ഭാരവാഹി എന്നിവരെ തിരഞ്ഞെടുക്കേണ്ട ബന്ധപ്പെട്ട ജനറൽ ബോഡി 10 ദിവസത്തിനകം വിളിച്ചു കൂട്ടി വസ്തുത അനാവരണ റിപ്പോർട്ട് |

| ക്രമ നം. | വകുപ്പ്/ അനുച്ഛേദം | നിലവിലുള്ളത് | പരിഷ്കരിക്കുന്നത് / കൂട്ടിച്ചേർക്കുന്നത് |
|---|---|---|---|
| | | | ജില്ലാമിഷൻ നേരിട്ട് ജനറൽ ബോഡിയിൽ സമർപ്പിച്ച് ചർച്ചയ്ക്ക് വിധേയമാക്കേണ്ടതാണ്.<br>7) പ്രസ്തുത റിപ്പോർട്ടിന്മേലുള്ള ചർച്ചയുടെ ഫലമായി ജനറൽ ബോഡിയിൽ ഉളവാകുന്ന ഭൂരിപക്ഷ തീരുമാനത്തിന്റെ വെളിച്ചത്തിൽ സംസ്ഥാന സർക്കാർ ഉചിതമായ തീരുമാനം കൈകൊള്ളേണ്ട താണ്.<br>8) ആരോപണ വിധേയരാവർ വഹിച്ചിരുന്ന പദവികളിൽ നിന്ന് ഒഴിവാക്കപ്പെടുകയാണെങ്കിൽ ഒഴിവ് നികത്തുവാനുള്ള ബൈലോ അനുസൃതമായ നടപടികൾ സ്വീകരിക്കേണ്ട താണ്. (സ.ഉ.(പി) നം. 170/2014/തസ്വഭവ തീയതി 07/10/2014) |

അനുബന്ധം III

*(സ.ഉ.(പി) 162/2011/തസ്വഭവ തീയതി 29/7/2011)*

................................................കുടുംബശ്രീ സി.ഡി.എസ്.

**മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കും പാരാപ്ലീജിയ രോഗികൾക്കുമുള്ള**
**പ്രത്യേക അയൽക്കൂട്ട പ്രവേശന ഫോറം**

**കുടുംബത്തിലെ വനിതാ അംഗം / ഗുണഭോക്താവ് സമർപ്പിക്കുന്ന താൽപ്പര്യ പത്രം**

പഞ്ചായത്ത് ..............................     വാർഡ് .......................

1. കുടുംബാംഗമായ മാനസിക-ശാരീരിക വെല്ലുവിളി/ പാരാപ്ലീജിയ രോഗാവസ്ഥ നേരിടുന്ന കുട്ടിയുടെ / വ്യക്തിയുടെ പേര് :

2. കുടുംബാംഗമായ മാനസിക-ശാരീരിക വെല്ലുവിളി/ പാരാപ്ലീജിയ രോഗാവസ്ഥ നേരിടുന്ന കുട്ടിയുടെ / വ്യക്തിയുടെ പ്രായം / ജനനത്തീയതി :

3. പഠിക്കുന്ന സ്ഥാപനത്തിന്റെ പേര് :

4. മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് / ഐ.ഡി. കാർഡ് ലഭ്യമാണോ :

5. വൈകല്യത്തിന്റെ തരം (സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയത് മാത്രം ടിക് ചെയ്യുക) : മെന്റൽ റിട്ടാർഡേഷൻ/ ഓട്ടിസം/സെറിബ്രൽ പാൾസി/ മൾട്ടിപ്പിൾ ഡിസബിലിറ്റി/മറ്റുള്ളവ

6. വീട്ടു പേര് / വീട്ടു നമ്പർ / :
   റോഡ്/ സ്ഥലനാമം :
   പോസ്റ്റോഫീസ് :
   പിൻകോഡ് :

7. അംഗത്വ അപേക്ഷകയുടെ പൂർണ്ണമായ പേര് :
   വിളിപ്പേര് :
8. പ്രായം :
9. ഒന്നാം കക്ഷിയുമായുള്ള ബന്ധം :
10. തൊഴിൽ :
    വിദ്യാഭ്യാസ യോഗ്യത :
11. ഗുണഭോക്താവായ കുട്ടി/വ്യക്തിയുടെ അച്ഛന്റെ പേര് :
12. ആരുടെ സംരക്ഷണയിലാണ് കുട്ടി/വ്യക്തി :
13. കുട്ടി/വ്യക്തി ഉൾപ്പെടുന്ന കുടുംബത്തിലെ അംഗങ്ങളുടെ എണ്ണം:
14. കുടുംബം ഉൾപ്പെടുന്ന സാമ്പത്തിക വിശദാംശം : എ.പി.എൽ / ബി.പി.എൽ
15. ഫോൺ നമ്പർ :
    ലാന്റ് ഫോൺ :

മൊബൈൽ :

16. ഇപ്പോൾ അംഗമായി പ്രവർത്തിക്കുന്ന അയൽക്കൂട്ടം / സ്വാശ്രയ സംഘം :

## പ്രസ്താവന

എന്റെ മകൻ/മകൾ/സഹോദരൻ/സഹോദരി/............................................... ആയ ........................................................................................ എന്നു പേരായ കുട്ടി/വ്യക്തിയുടെ ഉന്നമനവും സമാനമായ വെല്ലുവിളികൾ നേരിടുന്ന സമീപസ്ഥ കുട്ടി/വ്യക്തികളുടെ ക്ഷേമത്തിനുമായുള്ള പ്രത്യേക അയൽക്കൂട്ടത്തിൽ നിബന്ധനകൾ പാലിച്ച് പ്രവർത്തിക്കുന്നതിന് ഞാൻ സന്നദ്ധയാ(നാ)ണ്.

**അപേക്ഷക(ൻ)യുടെ പേര്**
**ഒപ്പ്**

സ്ഥലം :
തീയതി :

അപേക്ഷക(ൻ) അയൽക്കൂട്ടത്തിന്റെ പ്രഥമ യോഗത്തിൽ പങ്കെടുത്ത് അംഗത്വ രജിസ്റ്ററിൽ ഒപ്പു രേഖപ്പെടുത്തുന്ന മുറയ്ക്ക് അംഗമാകുന്നതാണ്.

## സി.ഡി.എസ് / കുടുംബശ്രീ ഉപയോഗത്തിന്

അപേക്ഷ നമ്പർ :

പ്രത്യേക അയൽക്കൂട്ടത്തിന്റെ പേര് :

എ.ഡി.എസ്സിന്റെ പേര് :